

# ടൈംസ് ഓഫ് അമേരിക്കൻമലയാളി

സാംസ്കാരികം

TIMES OF AMERICAN MALAYALI

2021
ഫെബ്രുവരി





Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com






2

This month, there has been very good news from the cricket pitch too. Our cricket team, after initial setbacks made a grand comeback, winning the series in Australia. The hard work and teamwork of our players is inspirational. Amidst all this, the country was saddened by the insult to the Tricolor on the 26th of January in Delhi. We have to infuse times to come with new hope and novelty. Last year, we displayed exemplary patience and courage.

പ്രഭാഷണം



**ഏ.ആർ.രാജരാജവർമ്മ മലയാളത്തിന്റെ തമ്പുരാൻ**

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

3

**മലയാളം എന്ന പേരുപോലും ഭാഷയ്ക്കുപയോഗിച്ചിരുന്നില്ല. മലയാളം എന്ന പേര് ഈഭാഷ യ്ക്കുണ്ടായിരുന്നു എന്നുള്ളത് 1340 നടുത്ത് ജീവിച്ചിരുന്ന തെലുങ്കുമഹാകവിയായ ശ്രീനാഥൻ എഴുതിയ ഭീമേശ്വരപുരാണമുഎന്ന തെലുങ്കു മഹാകാവ്യത്തിൽ നിന്ന് വ്യക്തമാണ്. ഇത് 1345ലാണെന്നോർക്കുക. ആ കാലഘട്ടത്തിലോ, പിന്നീട് മഹാനായ ഗുണ്ടർട്ടിനു മുമ്പോ ഒരൊറ്റയാളുപോലും ഒരു പണ്ഡിതൻ പോലും കേരളത്തിലെ വ്യവഹാരഭാഷയെ മലയാളമെന്ന് വിളിച്ചിട്ടില്ല.**

4



**അശ്വാരൂഢന്റെ വരവ്**

ഷാനവാസ് വള്ളികുന്നം





5






**ഫെബ്രുവരി ദിനങ്ങൾ**

കവിത

**ശ്രേഷ്ഠമലയാളം**

**ഒ.ആർ.സി. കരിമുളയ്ക്കൽ**

9



ഉരുണ്ട ഭൂമിയുടെ ഏതു കോണിൽ ചെന്നാലും അവർ ജീവിതോപാധി കണ്ടെത്തും. പക്ഷെ, ഇന്നു കണ്ടുവരുന്ന മതഭ്രാന്തിന്റെയും ജാതിഭ്രാന്തിന്റെയും വംശവെറിയുടെയും സപ്പോർട്ടേഴ്സായി ഇവരിൽ ചിലർ മാറുന്നു. വിദേശത്തെ സംസ്കാരസമ്പന്നമായ സാഹചര്യത്തിൽ ജീവിച്ചുകൊണ്ടാണ് ഇവർ ഒളിച്ചുവെച്ചിരുന്ന വിഷം കഴിഞ്ഞ നാലഞ്ചുവർഷമായി സോഷ്യൽ മീഡിയയിൽ കൂടി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അവർ പഠിച്ചതല്ലാതെ മറ്റൊന്നും മനസ്സിലാക്കുവാനുള്ള ചരിത്രബോധമോ വിശാലമായ ലോകബോധമോ ഇവർക്കില്ല. അവർക്ക് ലഭിച്ച വിദ്യാഭ്യാസത്തിന്റെ കുഴപ്പമാണത്. നല്ല വായനയുടെ അഭാവമാണ് ഇതിനു കാരണമെന്നു ഞാൻ പറയും.


# ജോസഫ് പീറ്റ്

■ **ജോർജ് തഴക്കര**

കോട്ടയം സി.എം.എസ് കോളജ് പ്രിൻസിപ്പൽ, വിദ്യാഭ്യാസ വിചക്ഷണൻ, വ്യാകരണ നിർമ്മാതാവ്, ആദ്യനോവലിന്റെ വിവർത്തകൻ, സമൂഹപരിഷ്കർത്താവ്, മൺറോ തുരുത്ത് അടിമവിമോചകൻ എന്നീ നിലകളിൽ മൂന്നരപതിറ്റാണ്ടുകാലം കേരളസമൂഹത്തിൽ പ്രവർത്തിച്ച റവറന്റ് ജോസഫ് പീറ്റിന്റെ 220 ജന്മവാർഷികമാണ് ഫെബ്രുവരി 02

**കോ**ട്ടയം സി.എം.എസ് കോളജ് പ്രിൻസിപ്പൽ, വിദ്യാഭ്യാസ വിചക്ഷണൻ, വ്യാകരണ നിർമ്മാതാവ്, ആദ്യനോവലിന്റെ വിവർത്തകൻ, സമൂഹപരിഷ്കർത്താവ്, മൺറോ തുരുത്ത് അടിമവിമോചകൻ എന്നീ നിലകളിൽ മൂന്നരപതിറ്റാണ്ടുകാലം കേരളസമൂഹത്തിൽ പ്രവർത്തിച്ച വ്യക്തിയാണ് റവറന്റ് ജോസഫ് പീറ്റ്.

1801 ഫെബ്രുവരി ഒന്നിന് ഇംഗ്ലണ്ടിലെ സ്പിറ്റൽ ഫീൽഡിൽ ജനിച്ച ജോസഫ് പീറ്റ് 1832ൽ ആംഗ്ലിക്കൻ സഭയിലെ വൈദികനായി ചർച്ച് മിഷൻ സൊസൈറ്റിയുടെ സേവനപ്രവർത്തകനായി കോട്ടയത്ത് എത്തി. 1833ൽ സി.എം.എസ് കോളജിന്റെ പ്രിൻസിപ്പലായി. അതുവരെ കോളജിലുണ്ടായിരുന്ന വിദ്യാഭ്യാസരീതികളിൽ പരിഷ്കാരം വരുത്തി. ലൈബ്രറി വിപുലീകരിച്ചു. രസതന്ത്രവും തത്ത്വശാസ്ത്രവും പാഠ്യവിഷയമാക്കി. ഗ്ലോബുകളും ഭൂപടങ്ങളും നിർമിച്ചു സ്ഥലനാമങ്ങൾ മലയാളത്തിലാക്കി. തുടക്കത്തിൽ ദ്വിഭാഷിയുടെ സഹായം ആവശ്യമായിരുന്നുവെങ്കിലും വളരെപെട്ടെന്നു തന്നെ അദ്ദേഹം മലയാളഭാഷ വശമാക്കി. ഞായറാഴ്ചകളിലെ പൊതു ആരാധനയ്ക്കു ശേഷം ഇംഗ്ലീഷ് ഭാഷ അറിയാത്ത അധ്യാപകർക്കും മുൻഷികൾക്കും വിദ്യാർത്ഥികൾക്കും ക്ലാസെടുത്തു. ഒഴിവു സമയങ്ങളിൽ മുൻഷിമാരെ കൂട്ടിവരുത്തി മലയാളഭാഷയിൽ സംസാരിക്കാൻ പരിശീലിച്ചു. 1835 ഫെബ്രുവരി 25ന് ജോസഫ് പീറ്റ് കോഴിക്കോട്ടുവച്ച് എമിലി ഇ ട്രാഞ്ചലിനെ വിവാഹം ചെയ്തു. അഞ്ചുവർഷത്തെ സേവനത്തിനുശേഷം 1838 നവംബറിൽ റവ.വില്യം ടോപ്ലി ഹംഫ്രിയെ കോളജിന്റെ ചുമതല ഏല്പിച്ചിട്ട് ജോസഫ് പീറ്റ് മാവേലിക്കര പ്രവർത്തനരംഗമാക്കി.



അക്കാലത്തെ മാവേലിക്കരയെക്കുറിച്ചുള്ള വിശദമായ വിവരണം ലഭിക്കുന്നത് ജോസഫ് പീറ്റിന്റെ കത്തുകളിൽ നിന്നും ഡയറിക്കുറിപ്പുകളിൽ നിന്നുമാണ്.

1837ലാണ് ജോസഫ് പീറ്റ് ആദ്യമായി മാവേലിക്കരയിൽ വരുന്നത്. മാവേലിക്കരയിൽ വരുന്നതിനു മുമ്പുതന്നെ ഈ പട്ടണത്തെക്കുറിച്ചും തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും വ്യക്തമായ അറിവ് ഉണ്ടായിരുന്നു.

സി.എം.എസ് മിഷനുവേണ്ടി തിരുവിതാംകൂർ ഭരണാധികാരി കേണൽ മൺറോയുടെ താല്പര്യപ്രകാരം കൊല്ലത്തിനടുത്തുള്ള തുരുത്ത് സൗജന്യമായി നൽകുകയുണ്ടായി. ഇവിടെ നൂറോളം അടിമകൾ മൃഗതുല്യരായി കൃഷിയിടങ്ങളിൽ രാപകൽ ജോലി ചെയ്തിരുന്നു.

1833ൽ ഇംഗ്ലണ്ടിൽ അടിമത്വം നിരോധിച്ചുകൊണ്ടുള്ള നിയമം വന്നു. ഇതിന്റെ പിൻബലത്തിലാണ് ജോസഫ് പീറ്റിന്റെ മേൽനോട്ടത്തിലുണ്ടായിരുന്ന മൺറോ തുരുത്തിലെ അടിമകളെ മോചിപ്പിക്കാൻ തീരുമാനിച്ചത്. ബെഞ്ചമിൻ ബെയ്‌ലിയും ജോസഫ് പീറ്റും 1835 മാർച്ച് 8ന് എഴുതിയുണ്ടാക്കിയ വിളംബരത്തിന്റെ അടിസ്ഥാനത്തിൽ അടിമകളെ സ്വതന്ത്രരാക്കുകയുണ്ടായി. 'അടിമവിമോചന വിളംബരം' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്.

ചർച്ച് മിഷൻ സൊസൈറ്റിയുടെ ഒരു മിഷൻ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കുവാൻ ജോസഫ് പീറ്റിനെ പ്രേരിച്ചത് 'മാവേലിക്കര പടിയോല'യിലെ നിശ്ചയമായിരുന്നു. 1835 നവംബറിൽ കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിത്സൻ കോട്ടയത്തെത്തി മലങ്കര സുറിയാനി ക്രിസ്ത്യൻ സഭയുടെ മേലധ്യക്ഷൻ മാർ ദീവന്നാസിയോസ് നാലാമൻ മെത്രാപ്പോലീത്തായെ (ചേപ്പാട് മാർ ദീവന്നാസിയോസ്) സന്ദർശിച്ച് സഭയിൽ 'ചില പരിഷ്കാരങ്ങൾ' നടത്തുവാനുള്ള നിർദ്ദേശം വച്ചു. 'മിഷൻ ഓഫ് ഹെൽപ്' എന്നാണ് സി.എം.എസ്സ് രേഖകളിൽ ഈ ദൗത്യത്തെ കാണുന്നത്. സഭായോഗം വിളിച്ചുകൂട്ടി തീരുമാനം അറിയിക്കാമെന്നതായിരുന്നു ധാരണ. ഇതിന്റെ അടിസ്ഥാനത്തിൽ 1836 ജനുവരി 16ന്

➲6

**2021**
**January 31**



My dear countrymen, Namaskar. When I express Mann Ki Baat, it feels like I am present amongst you as a member of your family. Little matters exchanged that teach one another; bitter- sweet life experiences that become an inspiration for living a wholesome life...and this is just what Mann Ki Baat is! Today is the last day of January 2021. Are you too thinking, the way I am that 2021 had commenced just a few days ago? It just doesn't feel that the entire month of January has passed by! This is what is termed as the speed of time. It feels like just a matter of a few days ago when we were exchanging good wishes with each other! Then we celebrated Lohri, Makar Sankranti, Pongal and Bihu. It was festival time in different parts of the country. We celebrated the 23rd of January, the birth anniversary of Netaji Subhash Chandra Bose as PARAKRAM DIWAS and also watched the grand Republic Day Parade on the 26th of January. Following the Address to the joint session by Rashtrapati ji, the Budget Session has also begun. Amidst all of this, there was one more happening that is keenly awaited by all of us - that is the announcement of the Padma Awards. The nation honored people doing extraordinary work; for their achievements and contribution to humanity. This year too, the recipients comprise people who have done excellent work in myriad fields; through their endeavour, they've changed someone's life, taking the country forward. Thus, the tradition of conferring the Padma honour on unsung heroes that was started a few years ago has been maintained this time too. I urge all of you to know more about these people and their contribution...discuss it amongst the family. You will see how this inspires everyone!

This month, there has been very good news from the cricket pitch too. Our cricket team, after initial setbacks made a grand comeback, winning the series in Australia. The hard work and teamwork of our players is inspirational. Amidst all this, the country was saddened by the insult to the Tricolor on the 26th of January in Delhi. We have to infuse times to come with new hope and novelty. Last year, we displayed exemplary patience and courage. This year too, we have to work hard to attain our resolves. We have to take our country forward at a faster pace.

My dear countrymen, the beginning of this year marks the completion of almost one year of our battle against Corona. Just as India's fight against Corona became an example, our vaccination Programme too is turning out to be exemplary to the world. Today, India is undertaking the world's biggest Covid Vaccine Programme. Do you know what's a matter of more pride? Along with the biggest Vaccine Programme, we are vaccinating our citizens faster than anywhere in the world. In just 15 days, India has vaccinated over 30 lakh Corona Warriors, whereas an advanced country such as America took 18 days to get the same done; Britain 36 days!

Friends, today, the Made in India vaccine is, of course, a symbol of India's self-reliance; it is also a symbol of her self-pride. On NamoApp, Bhai Himanshu Yadav from UP has written that the Made in India vaccine has generated a new self confidence within. Kirti ji writes from Madurai that many of her foreign friends are messaging her thanking India. Kirti ji's friends have written to her that the way India has helped the world in the fight against Corona has enhanced the respect for India in their hearts. Kirti ji, listening to these notes of glory for the country also fills the listeners of Mann Ki Baat with a sense of pride. These days, I too receive similar messages for India from Presidents and Prime Ministers of different countries of the world. You must also have seen recently how the President of Brazil, in a tweet thanked India - every Indian was gladdened at that. People residing thousands of kilometers away in remote corners of the world are deeply aware of that context in Ramayan; they are intensely influenced by it. This is a speciality of our culture.

Mann Ki Baat: Country was very pained at dishonour to Tricolour on R-Day, says PM

Friends, in this vaccination Programme, you must have noticed something more! During the moment of crisis, India is able to serve the world today, since she is capable, self-reliant in the field of medicines, vaccines. The same thought underpins the Atmanirbhar Bharat Campaign. The more India is capable, the more will she serve humanity; correspondingly the world will benefit more!

My dear countrymen, every time, lots of your letters are received; one gets to know about your thoughts through your messages on Namo App and MyGov and phone calls. One amongst these messages caught my attention - this is from sister Priyanka Pandey ji. 23 year old Beti Priyanka ji is a student of Hindi literature and resides at Siwan in Bihar. Priyanka ji has written on Namo App that she was highly inspired by my suggestion of visiting 15 domestic tourist places in the country and hence on the 1st of January, she started for a destination which was very special. The place was 15 kilometers away from her home - it was the ancestral residence of the country's first President Dr Rajendra Prasad ji. Priyanka ji has beautifully mentioned that this was her first step in the realm of acquainting herself with the country's great luminaries. There, Priyanka ji came across many books written by Dr Rajendra Prasad and many historical photographs as well. Really Priyanka ji, this experience of yours will inspire others too.

Friends, this year, India is going to commence the celebration of 75 years of her Independence - Amrit Mahotsav. In this context, this is an excellent time to explore places associated with those heroes on account of whom we attained Freedom.

Friends, as we refer to the Freedom Movement and Bihar, I would like to touch upon another comment made on Namo App. Jai Ram Viplava, a resident of Munger has written to me about the Tarapur Martyr day. On 15th of February 1932, the Britishers had mercilessly killed several of a group of brave young patriots. Their only crime was that they were raising the slogan of 'Vande Matram' and 'Bharat Mata Ki Jai'.I bow to those martyrs and remember their courage with reverence. I want to thank Jai Ram Viplava ji. He has brought to the notice of the country an incident about which not as much discussion happened as should have been done.

My dear countrymen, the freedom struggle was fought with full might in every part, every city, every town and village of India. In every corner of this land, Bharatbhoomi, great sons and brave daughters were born who gave up their lives for the nation. Hence it is very important that we preserve the saga of their struggles for our sake and their memories and for this we can write about them to keep their memories alive for generations to come. I appeal to all countrymen, especially the young friends to write about freedom fighters, incidents associated with freedom. Write books about the saga of valour during the period of freedom struggle in your area. Now, as India will celebrate 75 years of her freedom, your writings will be the best tribute to those heroes of our freedom. An initiative has been taken for Young Writers for the purpose of India Seventy-Five. This will encourage young writers of all states and of all languages. Writers who write on such subjects, who have studied deeply Indian heritage and culture, will come forth in large numbers in the country. We have to fully help such emerging talents. This will also prepare a category of thought leaders that will decide the course of the future. I invite my young friends to be a part of this initiative and to use their literary skills more and more. Information about this can be accessed from the website of the Ministry of Education.

My dear countrymen, what the listeners of 'Mann Ki Baat' like, only you know better. But for me the best thing that I like in 'Mann Ki Baat' is that I get to learn and read a lot. In a way, indirectly, I get an opportunity to connect with you all. Someone's effort, somebody's zeal, someone's passion to achieve something for the country - all this inspires me a lot, fills me with energy.

I felt very happy on reading about how a local vegetable market in Boinpalli of Hyderabad is fulfilling its responsibility. All of us have seen that in vegetable markets, a lot of produce gets spoilt for a variety of reasons. The vegetables spread all around, it spreads filth too, but the vegetable market of Boinpalli decided that it will not throw away the leftover vegetables just like that. People associated with the vegetable market decided that they will generate electricity from this. You may have hardly heard of generating electricity from waste vegetables - this is the power of innovation. Today in Boinpalli vegetable market what was once a waste, wealth is getting created from that - this is the journey of creation of wealth from waste. Nearly 10-tonnes of waste is generated there every day, which is collected in a plant. In this plant 500-units of electricity is generated every day, and about 30 Kilos of bio fuel too is generated. The vegetable market is illuminated through this electricity and the bio fuel that is generated is used to cook food in the market canteen - isn't it a wonderful effort!

A similar amazing feat has been achieved by the Badaut village Panchayat of Panchkula in Haryana. This Panchayat faced the problem of water drainage. Because of this dirty water was spilling around, spreading disease, but, people of Badaut decided that they would create wealth even from this water waste. The village Panchayat started filtering the dirty water

➲7

പ്രഭാഷണം

# ഏ.ആർ.രാജരാജവർമ്മ മലയാളത്തിന്റെ തമ്പുരാൻ



ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

**മ**ലയാളഭാഷയുടെ അന്തസ്സ് വാനോളമുയർ ത്തുന്നതിനുവേണ്ടി ജീവിതകാലമത്രയും പ്രയത്നിച്ച മലയാളത്തിന്റെ പൊന്നുതമ്പുരാൻ അനന്തപുരത്ത് രാജരാജവർമ്മ രാജരാജവർമ്മയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

മലയാളം ഐച്ഛികവിഷയമായെടുത്ത് ബി.എ., എം.എ. ക്ലാസുകളിൽ പഠിക്കുമ്പോഴാണ് ഈ വലിയ തമ്പുരാന്റെ മഹത്വം ഞാൻ അറിയുന്നത്. മലയാളഭാഷയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത സേവനം, നമ്മൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. മലയാളഭാഷ ഇന്നും ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന ഭാഷയാണ്. മലയാളം സംസാരിച്ചതിന്റെ പേരിൽ സ്കൂൾ കുട്ടികളെ തലമുണ്ഡനം ചെയ്ത നാടാണിത്. മലയാളം സംസാരിച്ചതിന്റെ പേരിൽ പിഴയൊടുക്കേണ്ടിവന്ന ചരിത്രവുമുണ്ട്. അവഗണനയുടേയും അവമതിയുടെയും ചരിത്രം മലയാളഭാഷയോളം ലോകത്തിൽ മറ്റൊരു ഭാഷ അനുഭവിച്ചിട്ടുണ്ടോയെന്ന് സംശയമാണ്.

മലയാളത്തിൽ എഴുതിപ്പോയി എന്നുള്ളതുകൊണ്ടാണ് പൂനം നമ്പൂതിരിയെ അരക്കവിയാക്കിയത്. മലയാളത്തിൽ എഴുതിപ്പോയ പൂന്താനത്തെ മേല്പത്തൂർ നാരായണഭട്ടതിരി അധിക്ഷേപിച്ച കഥ നമുക്കറിയാം. നിരണം ദേശക്കാരായ കവികളായ രാമനും ശങ്കരനും മാധവനുമൊക്കെ തലയിൽ കൈവച്ച് ഞങ്ങളുടേത് മലയാളമാണേ എന്നു വിളിച്ചുപറയേണ്ട ഗതികേട് അനുഭവിച്ചവരാണ്. സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ എഴുതാൻ കഴിയുമെന്ന് കുഞ്ചൻ നമ്പ്യാർക്ക് വിളിച്ചു പറയേണ്ട സന്ദർഭം സൃഷ്ടിച്ചതും മലയാളികൾ തന്നെയാണ്.

1817-ൽ റാണി ലക്ഷ്മീഭായി ഒരുത്തരവിലൂടെ മലനാട്ടുഭാഷയെ സ്കൂൾ തലത്തിൽ പഠിപ്പിക്കണമെന്ന വിളംബരം പുറപ്പെടുവിച്ചിട്ടു പോലും അതു വേണ്ടത്ര ഈ നാട്ടിൽ നടപ്പായില്ല. വഞ്ചിനാടുഭരിച്ച റാണി ലക്ഷ്മീഭായിയും സ്വാതിതിരുനാളും മലയാളത്തെപ്പറ്റി എന്തു പറയുമ്പോഴും ആദ്യമായി ഓർത്തിരിക്കേണ്ട വ്യക്തിത്വങ്ങളാണ്. മലയാളഭാഷ പഠിപ്പിക്കുവാനുള്ള നടപടിക്രമങ്ങൾ സർക്കാർതലത്തിലുണ്ടാവണം എന്നു നിർദ്ദേശിച്ചത് ആ രണ്ടു ഭരണാധികാരികളായിരുന്നു. രാജരാജവർമ്മ തമ്പുരാൻ മലയാളത്തിന്റെ രക്ഷകനായി, മലയാളസമൂഹത്തിന്റെ രക്ഷകനായി ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് അവതാരം കൊള്ളുന്നത്. താമസിയാതെ ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ നിന്നും അദ്ദേഹം ഹരിപ്പാട്ടേക്കു താമസം മാറ്റി. അനന്തപുരത്തു കൊട്ടാരത്തിൽ അദ്ദേഹം എത്തിച്ചേർന്നു. തുടർന്ന് മലയാളത്തിന്റെ ഭാഗ്യാതിരേകം കൊണ്ട് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തന്റെ തടങ്കൽക്കാലജീവിതത്തിന്റെ ഒരു ഘട്ടം ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ ചെലവഴിക്കാനെത്തുകയും ചെയ്തു. അങ്ങനെ അമ്മാവനും അനന്തിരവനും കണ്ടുമുട്ടിയ ആ ധന്യമുഹൂർത്തത്തിൽ നിന്നും തുടങ്ങുകയാണ് സത്യത്തിൽ മലയാളത്തിന്റെ ഉയിർത്തെഴുന്നേൽപ്പ്.

ഇരുപത്തിയൊന്നു വയസ്സുവരെ യാതൊന്നും മലയാളത്തിൽ എഴുതാതിരുന്ന, ഒരുപക്ഷേ മലയാളത്തെ ഒരു മ്ലേച്ഛഭാഷയായിട്ടു കണ്ടിരുന്ന തമ്പുരാൻ ഏതോ നിയതിനിയോഗം കൊണ്ടെന്നപോലെ പിൽക്കാലമത്രയും പ്രയത്നിച്ചത് മലയാളഭാഷയെ ഉയർത്തിക്കാട്ടുന്നതിനു വേണ്ടിയായിരുന്നു. നമ്മുടെ നാട്ടിൽ ജനിച്ച മഹാപണ്ഡിതന്മാരെല്ലാം വ്യവഹരിച്ചത് മലയാളത്തിലാണ്. ലോകം മുഴുവൻ അറിയപ്പെടുന്ന അദ്വൈതാചാര്യനായ ശങ്കരാചാര്യർ, വീട്ടിൽ അമ്മയോട് സംസാരിച്ചത് സംസ്കൃതഭാഷയിലായിരുന്നോ? ശങ്കരാചാര്യരുടെ മാതൃഭാഷ എന്തായിരുന്നു? നാട്ടുഭാഷയായിരുന്നു. അന്നത്തെ മലയാളം. ചേരമാൻപെരുമാൾ നായനാർ കേരളീയനാണ്. അദ്ദേഹം തമിഴിലാണ് കാവ്യം എഴുതിയതെങ്കിലും അന്നത്തെ മലനാട്ടുഭാഷയിൽ തന്നെയാണ് അദ്ദേഹം വ്യവഹരിച്ചത്. തമിഴ് ആഴ്വാരന്മാരിൽ പ്രഥമഗണനീയനായ കുലശേഖര ആഴ്വാർ കേരളീയനാണ്. അദ്ദേഹം തമിഴിലോ സംസ്കൃതത്തിലോ അല്ല തന്റെ വീട്ടുകാരോട് സംസാരിച്ചത്. അന്നൊക്കെ മലയാളമുണ്ട്. ലോകസാഹിത്യത്തിന് മലയാളം നൽകിയ ഏറ്റവും മഹത്തായ സംഭാവനയാണ് ചിലപ്പതികാരം. അതെഴുതിയ ഇളങ്കോവടികൾ കൊടുങ്ങല്ലൂരിൽ ജീവിച്ചിരുന്ന മഹാപ്രഭാവനാണ്. പക്ഷേ, നമ്മൾ മലയാളികൾ നമ്മുടേതായ ശക്തി പലപ്പോഴും തിരിച്ചറിയാത്തവരാണ്. മറ്റുള്ളവർ പറഞ്ഞറിയുമ്പോഴാണ് നമ്മുടെ ശ്രേഷ്ഠതയിലേക്ക് നാം കണ്ണോടിക്കുന്നത്. അത് ഇന്നും നമ്മൾ തുടരുന്നു.

ഇത്രയേറെ മഹാൻമാർ ഈ രാജ്യത്തുണ്ടായിരുന്നിട്ടും മലയാളത്തിന് അവഗണന അല്ലാതെ അഭിനന്ദനത്തിന്റേതായയാതൊന്നും തന്നെ പോയ കാലഘട്ടങ്ങളിൽ കിട്ടിയിട്ടില്ലായെന്നുള്ളതാണ് പരമാർത്ഥം. മലയാളം എന്ന പേരുപോലും ഭാഷയ്ക്കുപയോഗിച്ചിരുന്നില്ല. മലയാളം എന്ന പേര് ഈഭാഷയ്ക്കുണ്ടായിരുന്നു എന്നുള്ളത് 1340 നടുത്ത് ജീവിച്ചിരുന്ന തെലുങ്കുമഹാകവിയായ ശ്രീനാഥൻ എഴുതിയ ഭീമേശ്വരപുരാണമുഎന്ന തെലുങ്കുമഹാകാവ്യത്തിൽ നിന്ന് വ്യക്തമാണ്. ഇത് 1345ലാണെന്നോർക്കുക. ആ കാലഘട്ടത്തിലോ, പിന്നീട് മഹാനായ ഗുണ്ടർട്ടിനു മുമ്പോ ഒരൊറ്റയാളുപോലും ഒരു പണ്ഡിതൻ പോലും കേരളത്തിലെ വ്യവഹാരഭാഷയെ മലയാളമെന്ന് വിളിച്ചിട്ടില്ല. ഇവിടെ വ്യാകരണം എഴുതിയവരുണ്ട്. നിഘണ്ടുക്കൾ എഴുതിയവരുണ്ട്. പ്രബന്ധങ്ങൾ എഴുതിയവരുണ്ട്. അവരാരും തന്നെ നമ്മുടെ മനോഹരമായ ഈ ഭാഷയെ മലയാളം എന്നു വിളിച്ചില്ല. മലയാളം എന്ന പേരുണ്ടായിട്ടും ഏ.ആർ.രാജരാജവർമ്മയ്ക്കു മുമ്പ് മലയാളത്തിന് വ്യാകരണം രചിച്ച ചെങ്ങന്നൂർക്കാരനായ റവ.ജോർജ് മാത്തൻ പോലും, തന്റെ കൃതിക്ക്മലയാഴ്മയുടെ വ്യാകരണം എന്നാണ് പേരുകൊടുത്തത്. മലയാളം എന്നല്ല. മലയാളം എന്ന പേര് ഈ ഭാഷയ്ക്ക് ആദ്യമായി സധൈര്യം ഉപയോഗിച്ചത് ജർമ്മൻകാരനായ ഹെർമൻ ഗുണ്ടർട്ടാണ്. 1851ലെഴുതിയ മലയാളഭാഷാ വ്യാകരണത്തിലാണ് ആദ്യമായി മലയാളം എന്ന പേരു നൽകിയിട്ടുള്ളത്. ഇതൊക്കെയാണ് ഈ അവഗണനയുടെ ചരിത്രത്തിൽ തിളങ്ങിനിൽക്കുന്ന ചില രേഖകൾ. ഈ ഒരു പശ്ചാത്തലത്തിലാണ് പ്രൊഫ. ഏ.ആർ. രാജരാജവർമ്മ തമ്പുരാന്റെ മഹത്വത്തെപ്പറ്റി നമ്മൾ കൂടുതൽ അറിയേണ്ടതും ചിന്തിക്കേണ്ടതും. തികച്ചും വ്യക്തിപരമായ ഒരനുഭവം പറഞ്ഞുകൊണ്ട് ഞാൻ ഏ.ആർ. രാജരാജവർമ്മയിലേക്കുവരാം.

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി. ഇതൊരു സജീവ പ്രശ്നമായിട്ട് നമ്മുടെ മുന്നിലെത്തുന്നത് 2010ലാണ്. 2004ൽ തമിഴ്നാട്, മുഖ്യമന്ത്രിയായിരുന്ന കരുണാനിധി തമിഴിന് ക്ലാസിക്കൽ പദവി നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിനെ സമീപിക്കുകയുണ്ടായി. അതിനുമുമ്പ് ഏതെങ്കിലും ഒരുഭരണകൂടം ഏതെങ്കിലും ഒരു ഭാഷയ്ക്ക് ക്ലാസിക് പദവി നൽകിയതായി യാതൊരു ചരിത്രവും ലോകസാഹിത്യത്തിലേയില്ല. ക്ലാസിക്കായി കാലാകാലങ്ങളിൽ ആദരിച്ചുപോന്ന ലോകഭാഷകളുണ്ട്- സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക്, അറബിക് തുടങ്ങിയ ഭാഷകൾ. ചരിത്രത്തിൽ ആദ്യമായി 2004ൽ തമിഴ്നാട് സർക്കാർ തമിഴ്ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെട്ടു. അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ തമിഴ്നാടിന്റെ ആവശ്യത്തെ നിരാകരിക്കുവാൻ കേന്ദ്രഗവൺമെന്റിനു കഴിയുമായിരുന്നില്ല. ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്. തമിഴിനോളം സാഹിത്യമഹത്വം, ചരിത്രം പറയാൻ കഴിയുന്ന മറ്റൊരു ഇന്ത്യൻ ഭാഷയില്ല. അങ്ങനെ ആദ്യമായി സ്വതന്ത്രഭാരതത്തിൽ ഒരു ഭാഷ ക്ലാസിക്കായി അവരോധിക്കപ്പെട്ടു. തമിഴ് ഭാഷയ്ക്ക് ക്ലാസിക്കൽ പദവി കൊടുത്തുകഴിഞ്ഞപ്പോഴാണ് വലിയൊരു അനൗചിത്യം കേന്ദ്രസർക്കാരിനു ബോധ്യപ്പെട്ടത്. ഭാരതം എന്നു പറയുമ്പോൾ അതിന്റെ സംസ്കാരം പുറംലോകം അറിയുന്നത് സംസ്കൃതഭാഷയിലൂടെയാണ്. സംസ്കൃതത്തിലൂടെയാണ് ഭാരതത്തിന്റെ മഹത്വം ലോകാന്തരങ്ങളിൽ വ്യാപിച്ചത്. അങ്ങനെയുള്ള സംസ്കൃതത്തെ ആദരിക്കാതിരുന്നത് നന്ദികേടും സംസ്കാരനിന്ദയുമാണെന്നു കരുതി അന്നത്തെ സർക്കാർ ആരും ആവശ്യപ്പെടാതെതന്നെ സംസ്കൃതത്തിനും ക്ലാസിക് പദവി നൽകി.


- മലയാളം എന്ന പേരുപോലും ഭാഷയ്ക്കുപയോഗിച്ചിരുന്നില്ല.
- മലയാളം എന്ന പേര് ഈഭാഷയ്ക്കുണ്ടായിരുന്നു എന്നുള്ളത്
- 1340 നടുത്ത് ജീവിച്ചിരുന്ന തെലുങ്കുമഹാകവിയായ ശ്രീനാഥൻ
- എഴുതിയ ഭീമേശ്വരപുരാണമുഎന്ന തെലുങ്കുമഹാകാവ്യത്തിൽ
- നിന്ന് വ്യക്തമാണ്. ഇത് 1345ലാണെന്നോർക്കുക.
- ആ കാലഘട്ടത്തിലോ, പിന്നീട് മഹാനായ ഗുണ്ടർട്ടിനു
- മുമ്പോ ഒരൊറ്റയാളുപോലും ഒരു പണ്ഡിതൻ പോലും
- കേരളത്തിലെ വ്യവഹാരഭാഷയെ മലയാളമെന്ന് വിളിച്ചിട്ടില്ല.


ഈ ഘട്ടമെത്തിയപ്പോഴാണ് കന്നഡഭാഷക്കാരും തെലുങ്കുഭാഷക്കാരും സംയുക്തമായി നീങ്ങിയത്. ഒറ്റയ്ക്കുപോയാൽ കിട്ടാൻ സാധിക്കുകയില്ലായെന്നു മനസ്സിലാക്കിയിട്ട്, ഈ രണ്ടു സംസ്ഥാനക്കാരും, അവരു തമ്മിൽ എന്തെല്ലാം കിടമത്സരങ്ങളുണ്ടായിട്ടും ഭാഷയുടെ കാര്യത്തിൽ ഒന്നിച്ചു നീങ്ങി. മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, തുളു എന്നീ വികസിതഭാഷകളും ഏതാണ്ട് ഇരുപത്തിയൊന്നോളം അവികസിതഭാഷകളും ഉൾപ്പെട്ടതാണ് ദ്രാവിഡഭാഷാഗോത്രം. ഇ ൗ ദ്രാവിഡഭാഷാ ഗോത്രത്തിലെ ഏറ്റവും അടുത്ത ഭാഷകളാണ് തമിഴും മലയാളവും. അതുപോലെ ഏറ്റവും അടുത്ത ഭാഷകളാണ് കന്നഡവും തെലുങ്കും. കന്നഡക്കാരന് തെലുങ്കും, തെലുങ്കന് കന്നഡവും നമ്മളേക്കാൾ കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. മലയാളികൾക്ക് തമിഴ് എപ്രകാരമാണോ, തമിഴന് മലയാളം എപ്രകാരമാണോ അതേമാതിരി മനസ്സിലാകുന്ന ഭാഷകളാണ് കന്നഡവും തെലുങ്കും. അതു കൊണ്ട് അവർ സംയുക്തമായി നീങ്ങി, അവരുടെ ആവശ്യത്തിനെ തൃണവൽക്കരിക്കാൻ കേന്ദ്ര സർക്കാരിനു കഴിയാതെ വന്നു. അന്നത്തെ കേന്ദ്ര സർക്കാരിന്റെ നിലനിൽപിന് ആ നാട്ടിൽ നിന്നുള്ള എം.പിമാരുടെ പിൻതുണ ആവശ്യമായിരുന്നു. അത് രാഷ്ട്രീയമായ ഒരു കാരണമാണ്. കന്നഡത്തിനും തെലുങ്കിനും 2007, 2008 കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ ക്ലാസിക് പദവി നൽകി.

ഈ കാലഘട്ടങ്ങളിലെല്ലാം മലയാളി ഉറങ്ങുകയായിരുന്നു. മലയാളിക്ക് അവന്റെ ഭാഷയെക്കുറിച്ച് അഭിമാനമൊന്നുമില്ല. ചത്തുപോയാൽ ചരമയറിയിപ്പ് അച്ചടിക്കാനും അയലത്തുകാരനുമായി ശണ്ഠകൂടാനും മാത്രമാണ് മലയാളം ഉപയോഗിക്കുന്നത്. അത്രയും ഒരു ഗുണം മലയാളിക്കുണ്ട്. കഴിയുമെങ്കിൽ വീട്ടുപേരുകളെല്ലാം ഇംഗ്ലീഷിലെഴുതി വെയ്ക്കും. മാവേലിക്കര മിച്ചൽ കലുങ്കുമുതൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വരെ ഒന്നുനടന്നിട്ട് രണ്ടു വശത്തുമുള്ള ബോർഡുകൾ ശ്രദ്ധിക്കുക. നമ്മളെന്താ ചിക്കാഗോയിലാണോ ജീവിക്കുന്നത്? അപൂർവ്വം പേരുകളെ മലയാളത്തിലുള്ളൂ. ഇതാണ് നമ്മുടെ അവസ്ഥ. 2010 ജൂൺ വരെ മലയാളികൾ കമാ എന്നൊരക്ഷരം തങ്ങളുടെ ഭാഷയ്ക്കും ശ്രേഷ്ഠഭാഷാപദവി വേണമെന്ന് സംബന്ധിച്ച് പറഞ്ഞിട്ടില്ലെന്നതിൽ അത്ഭുതമില്ല.

2010 ജൂൺ മാസത്തിൽ തിരുവനന്തപുരത്തുണ്ടായിരുന്ന ഏതാനും സാഹിത്യകാരന്മാർ-പേരെടുത്തു പറഞ്ഞാൽ പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി, പുതുശ്ശേരി രാമചന്ദ്രൻ തുടങ്ങിയവർ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനേയും സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബിയേയും കണ്ട് നമ്മുടെ ഭാഷയ്ക്കും ശ്രേഷ്ഠഭാഷപദവി ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. തമിഴിനോളം കന്നഡത്തിനോളം തെലുങ്കിനോളം പഴക്കവും പാരമ്പര്യവുമുള്ളഭാഷയാണ് മലയാളം. നമ്മുടെ ആളുകൾക്ക് ഈ പദവി ആവശ്യമില്ലായെങ്കിലും നമ്മുടെ ഭാഷയ്ക്ക് ഇ ൗ പദവി കിട്ടണം. അതിനുള്ള പ്രയത്നം നടത്തണം എന്നു പറഞ്ഞു. മുഖ്യമന്ത്രിയും സാംസ്കാരികവകുപ്പുമന്ത്രിയും പ്രാധാന്യത്തോടുകൂടി അതിനുള്ള ➲8

പുസ്തകപരിചയം



പ്രൊഫ.ഷാനവാസ് വള്ളികുന്നം

# അശ്വാരൂഢന്റെ വരവ്






ചരിത്രപുരുഷനായ അലക്സാണ്ടർ ചക്രവർത്തിയെ കേന്ദ്രകഥാപാത്രമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവലാണ് അശ്വാരൂഢന്റെ വരവ്. മനോരമ ബുക്സ് ആണ് പ്രസാധകർ. 128 പേജുള്ള നോവലിന്റെ വില 160 രൂപയാണ്. 2020 ഡിസംബറിൽ നോവൽ പുസ്തകരൂപത്തിൽ പുറത്തുവന്നു.

കാവ്യാത്മകമായി കഥ പറയാൻ ദൈവത്തിന്റെ കൈയ്യൊപ്പ് ലഭിച്ച എഴുത്തുകാരനാണ് പെരുമ്പടവം. അശ്വാരൂഢന്റെ വരവ് തുടങ്ങുന്നത് നേർത്ത സംഗീതത്തോടെയും താളാത്മകമായ കുളമ്പടി ശബ്ദത്തോടെയുമാണ്. ഒരു കുതിരയിൽ നിന്നു കഥ തുടങ്ങുന്നു. കുതിരക്കുളമ്പടി നാദം, ഒരു ദുരന്തത്തിനായി കാത്തിരുന്ന് കഥ അവസാനിക്കുന്നു. സംഗീതവും നാദവും നോവലിലുടനീളം ബിംബങ്ങളാകുന്നു.

ഈ നോവൽ കഥാതന്തു ക്രിസ്തുവിനു മുൻപുള്ളതാണ്. അലക്സാണ്ടർ ചക്രവർത്തിയുടെ യുദ്ധചരിത്രം വിളമ്പുകയല്ല ഇവിടെ ചെയ്തിരിക്കുന്നത്. ക്രൂരത കാട്ടിയ ഒരു പടയോട്ടക്കാരന്റെ ഹൃദയത്തിനുള്ളിലെ നക്ഷത്രത്തെ മേഘങ്ങളെയകറ്റി പ്രകാശിപ്പിക്കുകയാണ്. പുറമെ കാണുന്ന ക്രൂരനായ യോദ്ധാവിനുള്ളിലും മറ്റൊരു മനുഷ്യനുണ്ട് എന്ന് കഥാകാരൻ കാട്ടിത്തരുന്നു. അസാധാരണമായ കൈയ്യടക്കവും ശില്പവൈദഗ്ദ്ധ്യവും നോവലിനെ ഏറെ ശ്രദ്ധേയമാക്കുന്നു.

നോവലിലേക്കു കടക്കുമ്പോൾ കേന്ദ്രകഥാപാത്രമായ അലക്സാണ്ടർ ചക്രവർത്തി എത്തിച്ചേരുന്ന ദാരുണാവസ്ഥയിൽ മനസ്സിന്റെ ചെപ്പുതുറക്കലിലൂടെയാണ് നോവൽ കടന്നുപോകുന്നത്. ഉറക്കംകെടുത്തുന്ന യുദ്ധവും ഉണർത്തുപാട്ടാകുന്ന പ്രണയവും, ഗുരുഭക്തിയും, പ്രപഞ്ചസത്യങ്ങളും, തത്ത്വജ്ഞാനവും, ധർമ്മവും, ഭരണമിതത്വവുമെല്ലാം നോവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവിടെ രാജ്യങ്ങളും, സൈന്യവും, നദിയും, സമുദ്രവും, വിജയലഹരിയും, കുതിരകളുടെ ചിന്നം വിളികളും മരണരോദനവും മാറിമറിയുന്നു.

കഥാശില്പം മറ്റൊരു താജ്മഹൽ വായനക്കാരിൽ ഉറപ്പിക്കുമെന്നുറപ്പാണ്. അലക്സാണ്ടർ മഹാരാജാവും സ്നേഹനിധിയായ ഭാര്യ റോക്സാനയും ആദ്യാവസാനം നിറഞ്ഞു നില്ക്കുന്നു. മനസ്സെന്ന പേടകം രാജാവ് തുറക്കുന്നത് റോക്സാനക്കൊപ്പമാണ്. കഥയുടെ കർട്ടൻ പലപ്പോഴും ഉയർത്താൻ കാരണഭൂതയാകുന്നതും ഈ സ്നേഹനിധിയായ ഭാര്യയാണ്. പടയോട്ടത്തിനിടയിൽ കണ്ടെത്തിയ പ്രഭുകുമാരിയാണ് റോക്സാന. ഒരു ബാബിലോണിയക്കാരി. സർവ്വസ്ത്രീ ഗുണവിശേഷങ്ങളുടെ നിറകുടം. അവരെ അവതരിപ്പിച്ച പെരുമ്പടവത്തിന്റെ ശില്പഭംഗി എത്ര അഭിനന്ദിച്ചാലും മതിവരില്ല. നായകന്റെ പ്രായം മുപ്പത്തിരണ്ട്. ബി.സി 320 കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ബാസിലോണിയ രാജകുമാരനാണിവിടെ നായകൻ. അരിസ്റ്റോട്ടിലിന്റെ ശിഷ്യൻ, ലോകം ഇന്നും വിസ്മയത്തോടെ നോക്കിനില്ക്കുന്ന തത്ത്വചിന്തകൻ ഡയോജനീസിന്റെ കേഴ്‌വിക്കാരൻ, ഫിലിപ്പ് രാജാവിന്റെയും **ഒളിമ്പായ** രാജ്ഞിയുടെയും പുത്രൻ. ദൈവപുത്രനെന്ന് അമ്മ കരുതുന്ന ലജ്ജാശീലൻ. കുടുംബ ഭദ്രത ഇല്ലാത്ത കാരണത്താൽ ഏകാകിയാകേണ്ടിവന്ന ബാല്യം.

നോവലിലെ പ്രധാനകഥാപാത്രങ്ങൾ രാജാവും രാജ്ഞിയുമാണ്. ഉപകഥാപാത്രങ്ങളായി ടോളമി, സെലൂക്കസ്സ്, കസ്റ്റാൻഡർ ലിസിമാക്കസ്സ്, ആന്റീഗോണസ്റ്റ് എന്നീ പട്ടാളത്തലവന്മാരും ചില കലാകാരന്മാരുമാണ്. ഝലം നദിക്കരയിലെ പുരുഷപുരം എന്ന രാജ്യത്തെ പോറസ്സ് ഒരു ഉപനായകവേഷത്തിലവതരിപ്പിക്കപ്പെട്ടു.

ഫിലിപ്പ് രണ്ടാമന്റെ മരണത്തോടെ ഇരുപതാം വയസ്സിൽ അലക്സാണ്ടർ രാജാവാകുന്നു. പിന്നീടറിയുന്നു പിതാവിനെ വധിച്ചതാണെന്ന്. അതിനു മാതാവും കൂട്ടുനിന്നത്രെ. രാജകീയ അരമനയിലെ അസ്വാരസ്യങ്ങൾ നോവലിസ്റ്റ് ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്.

അധികാരത്തിന്റെ ഭ്രാന്തും അതുമൂലമുണ്ടാക്കിയ ദുരന്തങ്ങളും യുദ്ധങ്ങളിലൂടെ പിടിച്ചടക്കലിലൂടെ കാണാം. "വന്നു- കണ്ടു- കീഴടക്കി" എന്നതാണ് രാജാവിന്റെ അക്രമണരീതി. മോഹിപ്പിക്കുന്ന രാജ്യങ്ങളെ കീഴടക്കിയ ആ അലക്സാണ്ടറെ ചരിത്രം മഹാനായി വാഴ്ത്തുന്നു. അന്ത്യനാളുകളിൽ രോഗത്താൽ തളർന്ന അലക്സാണ്ടർ എല്ലാം ഏറ്റുപറയുന്നു. അലക്സാണ്ടറുടെ തലയിണയുടെ കീഴിൽ അരിസ്റ്റോട്ടിൽ സമ്മാനിച്ച ഇലിയഡും ഒപ്പം ഒരു കഠാരയും ഉണ്ടായിരുന്നു. ഇവിടെയാണ് നോവലിസ്റ്റ് അലക്സാണ്ടർ എന്ന നായകനെ വേറിട്ടു നിർത്തുന്നത്.

മഹാജ്ഞാനികൾ രാജാവിന് ഒരു ദൗർബല്യമായിരുന്നു. ഡയോജനീസ്സിനെ കാണാൻ പോയ സന്ദർഭം ഇത് വ്യക്തമാക്കുന്നു.

മരണഭയം വർദ്ധിച്ചുവരുന്ന അവസ്ഥയിൽ ഭാര്യയോട് കാട്ടുന്ന സ്നേഹം അതിരില്ലാത്തതാകുന്നു. "മരണത്തിനു വിട്ടുകൊടുക്കില്ല" എന്നു ഭാര്യ റോക്സാന വികാരവായ്പ്പോടെ പറയുമ്പോൾ "ഒടുവിൽ നിന്റെ സ്നേഹവും മറ്റൊരു സങ്കടമായിത്തീരുന്നു" എന്ന് രാജാവിന്റെ മറുപടി. പിതാവ് ഫിലിപ്പിന് കിട്ടാത്ത സ്നേഹം അലക്സാണ്ടർക്ക് ലഭിച്ചു. പലപ്പോഴും പ്രണയപരവശരംഗങ്ങൾ പെരുമ്പടവം ഈ നോവലിൽ കുറിച്ചത് പേനകൊണ്ടല്ല മനസ്സുകൊണ്ടാണെന്ന് തോന്നിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ നോവലിലുടനീളം നിലനിൽക്കുന്നു. കേവലം 12 വർഷം കൊണ്ട് അലക്സാണ്ടർ കീഴടക്കിയ രാജ്യങ്ങൾ സ്പാർട്ട, ആനട്ടമീയ, സിറിയ, ഫിനീഷ്യ, പേർഷ്യ, ഗാസ, ഈജിപ്ത്, ഏഷ്യാമൈനർ. അതിർത്തി വികസിപ്പിക്കാനുള്ള ഭ്രാന്തമോഹങ്ങൾ നീണ്ടുപോകുന്നു.

"യുദ്ധങ്ങൾ തീർന്ന് റോക്സാന, എന്റെ മനസ്സ് പറയുന്നു ഞാൻ കീഴടങ്ങുകയാണെന്ന്". എല്ലാ മനുഷ്യനും അനുഭവപ്പെടാവുന്ന, നേരിടേണ്ടിവരുന്ന ഈ അവസ്ഥ നോവലിന്റെ ഒരു ജീവനാഡിയായി വർത്തിക്കുന്നു.

"അലക്സാണ്ടറെ മഹാനെന്ന് ചരിത്രം വിശേഷിപ്പിക്കുന്നു" ഇത് നോവലിസ്റ്റ് മുഖവുരയിൽ ചോദ്യം ചെയ്യുന്നു. എന്നാൽ അദ്ദേഹം മഹാനാകുന്ന ചില മുഹൂർത്തങ്ങൾ ഭാവസാന്ദ്രതയോടെ നോവലിൽ അവിഷ്കരിച്ചിട്ടുണ്ട്. ഝലം നദിയുടെ പടിഞ്ഞാറെക്കരയിൽ സൈന്യവുമായി നിലയുറപ്പിച്ചു. എതിർഭാഗത്ത് ഭാരതത്തിലെ പുരുഷപുരം രാജാവ് പോറസ്സ്. 30,000 കുതിരകളും, 4000 പടയാളികളും, 300 തേരും, 200 ആനകളുമടങ്ങുന്നതാണ്. പ്രതികൂല കാലാവസ്ഥയിലും അവർ ഏറ്റുമുട്ടി. അലക്സാണ്ടർ ജയിച്ചു. പോറസ്സ് തടവുകാരനായി പിടിക്കപ്പെട്ടു. "താങ്കളെ എങ്ങനെ കാണണമെന്ന് താങ്കൾ ആഗ്രഹിക്കുന്നു" അലക്സാണ്ടർ ചോദിച്ചു.

"ഒരു രാജാവിനെപ്പോലെ." പോറസ്സിന്റെ മറുപടി.

കേട്ടമാത്രയിൽ പിടിച്ചെടുത്ത രാജ്യം വിട്ടുകൊടുത്തു. പോറസ്സിനെ ഛത്രപതിയാക്കി മടങ്ങി.

പിന്നീടദ്ദേഹം യുദ്ധം ചെയ്തില്ല.

മഹാഭാരതയുദ്ധത്തിൽപ്പോലും കേട്ടിട്ടില്ലാത്ത മഹനീയ മനോഭാവമാണ് ഇവിടെ അലക്സാണ്ടർ ചക്രവർത്തി കാട്ടിയത്.

ഹിമാലയം വിശുദ്ധവും ഭാരതം ഒരു സ്വപ്നഭൂമിയായും അലക്സാണ്ടർ വിശേഷിപ്പിച്ചു.

സൂര്യൻ ആദ്യം ഉദിക്കുന്നത് ഭാരതത്തിലാണ്. ഹിന്ധുക്കുഷ് നദി കടന്ന് ഭാരതത്തിൽ അലക്സാണ്ടർ എത്തിയത് ഈ നാട് കാണാനാണെന്ന് ചക്രവർത്തിയുടെ വാക്കുകളിൽ നോവലിസ്റ്റ് പറയുന്നു.

"ധർമ്മം വീണ്ടെടുക്കാനുള്ള മഹായുദ്ധങ്ങൾ നടത്തിയ ആ നാട്ടിലേക്ക് പോയത് നാടുകാണാനാണ്. ഹിന്ദുക്കുഷ് പർവ്വതനിരകളും, സിന്ധു ഗംഗാ നദികളും എന്നോടു പറഞ്ഞു മടങ്ങിപ്പോകാൻ" എന്ന് അലക്സാണ്ടർ.

"പ്രതികൂല കാലാവസ്ഥയിൽ പനിപിടിച്ച് പോറസ്സിന്റെ ധീരത കണ്ടറിഞ്ഞ അലക്സാണ്ടർ തുടർന്ന് യുദ്ധത്തിന് തയ്യാറാകാതെ തിരികെപ്പോയി" എന്ന് ചരിത്രകാരന്മാർ.

ഇവിടെ ചരിത്രവും സർഗ്ഗാത്മകതയും ഇഴ പിരിയുന്നത് എഴുത്തുകാരൻ ആത്മസംഘർഷങ്ങളിലൂടെ പ്രകാശിപ്പിക്കുന്നു. "വായന അസ്വാദന നിരീക്ഷണ കണ്ടെത്തലിനു കൂടിയാണല്ലോ."

ഭാരത അധിനിവേശയുദ്ധാനന്തരം അലക്സാണ്ടർക്കു മനംമാറ്റം ഉണ്ടായതുപോലെ തന്നെ സൈന്യത്തിനുള്ളിലും അസ്വാരസ്യങ്ങൾ ഉടലെടുത്തു. സൈന്യാധിപൻ ടോളമിതന്നെ ഭയലേശമന്യേ ചക്രവർത്തിയോട് ഇക്കാര്യം സൂചിപ്പിക്കുന്ന നിലയിൽവരെ കാര്യങ്ങളെത്തി.

"ചക്രവർത്തി തിരുമനസ്സിന് ഇഷ്ടക്കേട് തോന്നരുത്. ചിലതു പറയുവാനുണ്ട്. അങ്ങയുടെ തീരുമാനങ്ങൾ കൊട്ടാരത്തിലും പുറത്തും ചോദ്യം ചെയ്യപ്പെടുന്നു."

"വെറുതെ മനുഷ്യരെ കൊല്ലരുത്. അവർക്കും ജീവിക്കാൻ അവകാശമുണ്ട്." ടോളമി.

ടോളമി സൈന്യാധിപന്മാരിലൊരാളാണ്.

ക്രുദ്ധനായി ചക്രവർത്തി പ്രതികരിച്ചു.

"നീ നിന്റെ ആയുധം കൊണ്ട് തത്ത്വചിന്ത എഴുതുകയായിരുന്നോ?"

"പടയോട്ടങ്ങൾക്കിടയിൽ രാജാവ് ജനങ്ങളെ ഓർക്കണം." ടോളമി ഓർമ്മപ്പെടുത്തി. ചക്രവർത്തിയുടെ അനിഷ്ടങ്ങൾ ഗണിക്കാതെ അയാൾ കൂട്ടിച്ചേർത്തു.

എന്താണ് ഈ പടയോട്ടങ്ങളിൽ നടന്നതെന്ന് ഈ വെളിപ്പെടുത്തൽ വ്യക്തമാക്കുന്നു. ടോളമിയെ വധിക്കുമെന്ന് രാജാവ്

## ഫെബ്രുവരി ദിനങ്ങൾ

01 ഇന്ത്യൻ കോസ്റ്റഗാർഡ് ഡേ
02 ലോക വെറ്റ്ലാൻഡ് ഡേ
04 ലോക ക്യാൻസർ ഡേ
05 സേഫ് ഇന്റർനെറ്റ് ഡേ, കാശ്മീർ ഡേ
11 വേൾഡ് ഡേ ഓഫ് സിക്ക് (സ്ത്രീകൾ, കുട്ടികൾ)
12 നാഷണൽ പ്രൊഡക്റ്റിവിറ്റി ഡേ, ഡാർവിൻ ഡേ
13 ലോക റേഡിയോ ഡേ, നാഷണൽ വിമൻസ് ഡേ (സരോജിനിനായിഡു ജന്മദിനം)
14 വാലന്റൈൻസ് ഡേ
15 സിംഗിൾ അവർനസ് ഡേ
19 പഞ്ചായത്തീരാജ് ദിനം
20 അരുണാചൽപ്രദേശ് ദിനം
വേൾഡ് സോഷ്യൽ ജസ്റ്റീസ് ഡേ
21 വേൾഡ് മദർ ലാൻഗ്വേജ് ഡേ
22 വേൾഡ് തിങ്കിംഗ് (ചിന്താദിനം) ഡേ
23 പീസ് ആന്റ് അണ്ടർസ്റ്റാന്റിങ് ഡേ
24 ദേശിയ എക്സൈസ്ദിനം
27 റെയർ ഡിസീസ് (അപൂർവ്വ രോഗ) ഡേ
വേൾഡ് എൻ.ജിഒ ഡേ
28 നാഷണൽ സയൻസ് ഡേ

## ശ്രേഷ്ഠമലയാളം

ഒ.ആർ.സി. കരിമുളയ്ക്കൽ

മരതകക്കാന്തിത്തിരുവരങ്ങത്തൊരു
കനക വിളക്കിൻ ദീപപ്രവാഹമായ്,യൊരു
മലയാളമാണെനിക്കെന്നും,റിവി
ന്റെവഴികാട്ടിത്തരും ദിവ്യജ്വാലാമുഖി!

അക്ഷരഗഹനതയുരുക്കഴിക്കാൻ പോ-
ന്ന, രാമായണകാവ്യം! എഴുത്തച്ഛനടു-
ത്തിരുത്തി പാടിച്ച പഞ്ചവർണ്ണക്കിളിതൻ
സ്വരമാധുരിയാർന്നൂ മലയാളം ശ്രേഷ്ഠം.

ശിശുവിന്റെ ചെഞ്ചോരിവായ് മലർചുണ്ടിലെ
ചിരിപോലെ ചെറുശ്ശേരിയെഴുതിയ ഗാ-
ഥയുടെ ലളിതപദ വിന്യാസലാസ്യം
ഹൃദ്യമലയാളമാം ശ്രേഷ്ഠ കല്ലോലിനി!

വൈകല്യമില്ലാതെ, പുരാണേതിഹാസത്തി-
ന്മേച്ചിൽപ്പുറങ്ങളിൽ കുഞ്ചൻ കടഞ്ഞൊരു
തുള്ളൽച്ചിലമ്പിന്റെ ഫലിതവും വിമർശവും
വിടരും സൗഗന്ധികമല്ലോ മലയാളം!

അറിവിന്റെ ഹൈമവത ഭൂമിയിൽ നിന്നിവൾ-
ക്കെത്രരമ്യമാം സൃഷ്ടികൾ, ഗദ്യം പദ്യം നാട-
കാദിമയൂഖങ്ങൾ, ശാസ്ത്രം നിരൂപണം വേഷ-
ഭൂഷകളേറെച്ചാർത്തിയ മലയാളം ശ്രേഷ്ഠം.

**പന്തളം കേരളവർമ്മ**



നലമിയന്നൊരു തെങ്ങുകൾ മുന്നമേ
ജലമൊഴിച്ചു വളർത്തുക മൂലമായ്
തലയിൽ നന്മധുരോദക പൂർണ്ണമാം
ഫലഗണത്തെ വഹിപ്പു കാൺക നാം

**വള്ളത്തോൾ**



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം.

## ഫെബ്രുവരി

### ജനനം

**ജനനം**

01 വെൺമണി അച്ഛൻ (പരമേശ്വരൻ) നമ്പൂതിരി 1817
അഡ്വ. എ. സുജനപാൽ 1949
04 കെ.സി.കേശവപിള്ള 1868
വി.കെ.ഗോവിന്ദൻനായർ 1903
05 ഡോ.എ.അയ്യപ്പൻ 1905
കെ.ദാമോദരൻ 1912
പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ 1923-2011
06 സി.വി.കുഞ്ഞുരാമൻ 1871
07 കെ.വി.സൈമൺ 1883
സി.വി.ശ്രീരാമൻ 1933-2007
09 സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ 1901
10 ജി.വിശ്വനാഥശർമ്മ 1912
രാമു കാര്യാട്ട് 1927 -1979
12 മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് 1902- 1944
ടി.ആർ. ശ്രീനിവാസ് 1943
14 ഹെർമൻ ഗുണ്ടർട്ട് 1814
കുഞ്ഞുക്കുട്ടി തങ്കച്ചി 1820
15 മാണി മാധവച്ചാക്യാർ 1899
തിക്കോടിയൻ 1916
മലേഷ്യ രാമകൃഷ്ണപിള്ള 1910
അഴകത്തു പത്മനാഭക്കുറുപ്പ് 1869
വി.വി.കെ.നമ്പ്യാർ 1901
16 ഞെരളത്ത് രാമപ്പൊതുവാൾ 1916
17 കെ.തായാട്ട് (കുഞ്ഞനന്തൻ) 1927-2011
സി.കെ.ജോസഫ് 1910
18 കെ.ജി.അടിയോടി 1937
19 കേരളവർമ്മ വലിയകോയിത്തമ്പുരാൻ 1845
20 എ.ആർ.രാജരാജവർമ്മ 1863
നൂറനാട് ഹനീഫ 1935-2006
22 കാരൂർ നീലകണ്ഠപിള്ള 1898-1975
ടി.രാമലിംഗം പിള്ള 1880
എം.ആർ.വേലുപ്പിള്ള ശാസ്ത്രി 1877
പ്രൊഫ.കാളിയത്ത് ദാമോദരൻ 1942-2009
കെ.സുരേന്ദ്രൻ 1922
ബി.കല്യാണിയമ്മ 1884
23 ഇ.എം.കോവൂർ 1906
പമ്മൻ (പരമേശ്വരമേനോൻ ആർ) 1922
25 പള്ളിപ്പാട്ടു കുഞ്ഞുക്കൃഷ്ണൻ 1905
ഡോ.പി.ജെ.തോമസ് 1897
26 കടവൂർ ജി.ചന്ദ്രൻപിള്ള 1940
ജി.പി.പിള്ള (ബാരിസ്റ്റർ) 1864
27 ടി.പി.കിഷോർ 1957
28 ഉലഹന്നാൻ മാപ്പിള 1905











### ചരമം

**ചരമം**

01 ഒ.എം.ചെറിയാൻ 1874
ആനന്ദക്കുട്ടൻനായർ 1920
02 ജി ശങ്കരക്കുറുപ്പ് 1901- 1978
03 അഗസ്റ്റിൻ ജോസഫ് 1910- 1965
04 പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ 1923-2011
05 വി.കൃഷ്ണൻ തമ്പി 1890-1938
മേലൂർ ദാമോദരൻ 1934- 2006
എസ്.എ. ജമീർ 1941-2011
06 ലളിതാംബിക അന്തർജനം 1909-1987
ചേലാട്ട് അച്യുതമേനോൻ 1894-1952
പ്രൊഫ.എസ്. ഗുപ്തൻനായർ 1919- 2006
07 കുമരകം ശങ്കുണ്ണിമേനോൻ 2009
08 എ.പി. കളയ്ക്കാട് 1931-1993
ഇ.പി.സുഷമ 1964-1996
09 പി.ടി. അബ്ദുൾ റഹിമാൻ 1940- 2003
10 സാഹിത്യപഞ്ചാനൻ പി.കെ.നാരായണപിള്ള 1878-1936
ഗിരീഷ് പുത്തഞ്ചേരി 2010
11 കുറ്റിപ്പുഴ കൃഷ്ണപിള്ള 1900 - 1971
ഡി.വിനയചന്ദ്രൻ 1948- 2013
12 വി.കരുണാകരൻ നമ്പ്യാർ 1924-1981
വി.ടി.ഭട്ടതിരിപ്പാട് 1896- 1982
ഇടയാറന്മുള വറുഗീസ് 1908-1994
13 സർവ്വാധികാര്യക്കാർ പി.ഗോവിന്ദപ്പിള്ള 1849-1897
14 ആർ.സുഗതൻ 1901- 1970
16 എൽ.എ. രവിവർമ്മ 1884-1958
17 തോമസ് പോൾ 1889-1933
ടി.എം.ചുമ്മാർ 1899-1987
18 വാഴേങ്കട കുഞ്ഞുനായർ 1908-1981
20 കെ.വി.സൈമൺ 1883- 1944
കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ 1912-1987
21 ജി.എൻ.പിള്ള 1930-1993
പ്രൊഫ.കെ.ഗോപാലകൃഷ്ണൻ 2011
22 പുളിമാന പരമേശ്വരൻ പിള്ള 1915-1948
24 പ്രൊഫ. കെ.വി.ദേവ് 1932-2013
25 മന്നത്ത് പത്മനാഭൻ 1878- 1970
പി.ഭാസ്കരൻ 1924-2007
ഡോ.ടി.ഐ.രാധാകൃഷ്ണൻ 1939-2013
26 എ വിൻസന്റ് 1928- 2015
28 വടക്കുംകൂർ രാജരാജവർമ്മ 1891-1970
29 പവിത്രൻ 1950-2006













# ജോസഫ് പീറ്റ്



സഭാനേതൃത്വസമ്മേളനം മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ദേവാലയത്തിൽ വിളിച്ചുകൂട്ടി. എൺപതിൽ പ്പരം വൈദികർ യോഗത്തിൽ പങ്കെടുത്തു. ‘സഭാകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിന്റെ ഭാഗമായിട്ടാണ് ബിഷപ്പ് ഡാനിയേൽ വിത്സൻ പരിഷ്കരണനിർദേശം മുന്നോട്ടുവച്ചിട്ടുള്ളതെന്നും അത് സഭയ്ക്കു ദോഷകരമാകും എന്നതിനാൽ മിഷൻ ഓഫ് ഹെൽപ്പുമായി സഹകരിക്കേണ്ടാ’ എന്നു തീരുമാനിച്ചു സമ്മേളനം സമാപിച്ചു. മാവേലിക്കര സുന്നഹദോസ് എന്നാണ് ഈ സഭാചരിത്രസമ്മേളനം അറിയപ്പെടുന്നത്. തീരുമാനത്തെ ‘മാവേലിക്കര പടിയോല’ (ഓലയിൽ എഴുതിയ തീരുമാനം) എന്നും അറിയപ്പെട്ടു. ഈ തീരുമാനം അറിഞ്ഞതോടെ മാവേലിക്കരയിൽ ഒരു ‘മിഷൻ’ ആരംഭിക്കുവാൻ ജോസഫ് പീറ്റ് നിശ്ചയിച്ചു.

പാരമ്പര്യക്രൈസ്തവ വിശ്വാസികൾ പ്രബലമായി വസിക്കുന്നിടമാണ് മാവേലിക്കര. ആയിരത്തിലധികം കുടുംബങ്ങൾ. ക്രിസ്തുമാതാവായ കന്യകമറിയത്തിന്റെ നാമധേയത്തിലുള്ള ദേവാലയം. പ്രധാനമായും രണ്ടു ആചാരങ്ങളാണ് ഇവിടെയുള്ളതെന്ന് ജോസഫ് പീറ്റ് മനസ്സിലാക്കി. പരിശുദ്ധ മാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥന. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന. ഇതു രണ്ടും അനാചാരമായിട്ടാണ് ജോസഫ് പീറ്റ് കണ്ടത്. കോഴഞ്ചേരി മാരാമൺ പാലക്കുന്നത്ത് ഏബ്രഹാം മല്പാനെപ്പോലെയുള്ളവരും ഇത്തരം ‘പരിഷ്കരണ’ ചിന്താഗതിക്കാരായിരുന്നു. സ്വാതിതിരുനാളിന്റെ ഭരണകാലം. മഹാരാജാവിന്റെ മാതാവ് മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിൽ നിന്നും ദത്തെടുത്ത റാണി ലക്ഷ്മീഭായിയായിരുന്നു. റീജന്റായി ഭരണമേറ്റ റാണി ഗൗരി പാർവ്വതീഭായിയുടെ ഭരണച്ചുമതലയുടെ രണ്ടാം വർഷത്തിലാണ് (1816) ചർച്ച് മിഷൻ സൊസൈറ്റിക്ക് ആലപ്പുഴയിലും കോട്ടയത്തും വിദ്യാലയം തുടങ്ങുവാനുള്ള അനുമതിയും സഹായവും ലഭിക്കുന്നത്. ഇക്കാലത്താണ് മാവേലിക്കരയിലും പൊതുവിദ്യാഭ്യാസത്തിനു തുടക്കമിടുന്നത്. 1820ൽ ഹെൻറി ബേക്കർ ആരംഭിച്ച 14 പള്ളിക്കൂടങ്ങളിൽ ഒന്നാണ് മാവേലിക്കരയിൽ ശങ്കരൻനായരുടെ പ്രഥമ ചുമതലയിൽ തുടങ്ങിയ വിദ്യാലയം. സി.എം.എസ് മിഷനുമായുള്ള ഭരണാധികാരികളുടെ താല്പര്യം ജോസഫ് പീറ്റിന് മാവേലിക്കരയിൽ മിഷൻ തുടങ്ങുന്നതിനുള്ള സാഹചര്യമൊരുക്കി.

മാവേലിക്കര കൊട്ടാരത്തിലെ ബന്ധുവായ ഒരംഗം ബംഗ്ലാവിനടുത്ത് താമസിക്കുന്നുണ്ടായിരുന്നു. ഇംഗ്ലീഷ് പഠിക്കണമെന്ന മോഹവുമായി അദ്ദേഹം ജോസഫ് പീറ്റിനെ സമീപിച്ചു. ആ സൗഹൃദം ബലപ്പെട്ടു. അദ്ദേഹത്തിന്റെ കുറേ ഭൂമി മിഷനുവേണ്ടി വാങ്ങിച്ചു. സ്കൂൾ വിപുലീകരിക്കുന്നതിനുള്ള അനുകൂലസാഹചര്യമുണ്ടായി.

ചർച്ച് മിഷൻ സൊസൈറ്റി ലക്ഷ്യബോധത്തോടെ വളരുകയായിരുന്നു. അഞ്ചു വർഷത്തിനുള്ളിൽ കല്ലുമല, കുറത്തികാട് തുടങ്ങിയ സ്ഥലങ്ങളിലായി ഏഴു സ്കൂളുകൾ ആരംഭിച്ചു. പിന്നാക്കവിഭാഗക്കാർക്ക് സ്കൂൾ പ്രവേശനം ലഭിച്ചതോടെ പുതുതലമുറ അക്ഷരലോകത്തേക്ക് പ്രവേശിച്ചു. 1843ൽ തിരുവിതാംകൂറിൽ വസൂരി പടർന്നു പിടിച്ചു. കോളറ കൂടിയായപ്പോൾ സ്ഥിതി ഗുരുതരമായി. പകർച്ച വ്യാധിയിൽ നിന്നും രക്ഷപ്പെടാൻ കുറെപ്പേർ ജോസഫ് പീറ്റിന്റെ സംരക്ഷണത്തിലായി. മാവേലിക്കരയിലെ ആദ്യത്തെ അഭയാർത്ഥി ക്യാമ്പെന്ന് ഇതിനെ വിശേഷിപ്പിക്കാം. ശുചിത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധവച്ചു. ചുറ്റിനും മരണം നടക്കുമ്പോഴും ക്യാമ്പിലെ ഒരാൾക്കുപോലും രോഗമോ മരണമോ സംഭവിച്ചില്ല എന്നതും സംസാരവ

പതിനാല് മാസത്തിനുശേഷം, 1849 ജനുവരി 24ന് ജോസഫ് പീറ്റ് മാവേലിക്കരയിൽ തിരിച്ചെത്തി. സ്വാതി തിരുനാളിനെ തുടർന്ന് ഉത്രം തിരുനാൾ മാർത്താണ്ഡവർമ ഭരണാധികാരിയായി. സർ. ടി മാധവരായർ ദിവാനും. വില്യം കല്ലൻ റസിഡന്റായി തുടർന്നു. ദേവാലയത്തിന്റെ രണ്ടാം ഘട്ടം പണിയും റവ.ഫോക്സ് വർത്തിന്റെ ചുമതലയിലും മേൽനോട്ടത്തിലും പൂർത്തിയായി. അവസാന മിനുക്കുപണികൾ ജോസഫ് പീറ്റിന്റെ ചുമതലയിൽ നടന്നു. 1850 ഏപ്രിൽ 3ന് പുനഃപ്രതിഷ്ഠ പൂർത്തീകരിച്ചുകൊണ്ടുള്ള ആരാധന നടന്നു. റവ. ഹെൻറി ബേക്കർ (ജൂണിയർ) ആയിരുന്നു പ്രധാന കാർമികനായത്. മണിമാളികയോടുകൂടി ഗോഥിക് മാതൃകയിലുള്ള ദേവാലയം പുതുമയാർന്നതായിരുന്നു. നിർമ്മാണത്തിനായി എണ്ണായിരം രൂപ ചെലവായതായി കാണുന്നു. നാട്ടുകാരിൽ നിന്നും 60 രൂപ സംഭാവനയായി ലഭിച്ചു. 1954 ഏപ്രിൽ 18ന് ഭാര്യ എമിലി ഊണ്ടക്കമണ്ടിൽ നിര്യാതയായി. ദീർഘനാളുകളായി അവർ ചികിത്സയിലും വിശ്രമത്തിലുമായിരുന്നു. പിറ്റേവർഷം ജോസഫ് പീറ്റ് റവ.ഹെൻറി ബേക്കർ സീനിയറിന്റെ മകൾ എ. ഹാൻസ്ഫഡിനെ വിവാഹം ചെയ്തു. എമിലി തുടങ്ങിവച്ച സ്കൂൾ പ്രവർത്തനം ഹാൻസ്ഫഡ് ഏറ്റെടുത്തു.

മിഷൻ പ്രവർത്തനം പുരോഗമിക്കുന്തോറും എതിർപ്പുകളും കൂടിവന്നു. ചർച്ച് മിഷനിൽ ചേർക്കുന്നുവെന്നതിന്റെ പേരിൽ ഒറ്റപ്പെട്ട അക്രമങ്ങളും ഉണ്ടായി. ജോസഫ് പീറ്റ് ഉത്രം തിരുനാൾ മഹാരാജാവിനെ നേരിട്ടു കണ്ട് നിവേദനം നൽകി. അതിന്റെ പകർപ്പ് റസിഡന്റിനും അയച്ചിരുന്നു. മഹാരാജാവ് ഔദ്യോഗിക അന്വേഷണത്തിന് കല്പന നൽകിയതോടെ മിഷൻ പ്രവർത്തകർക്കു നേരെയുണ്ടാകുന്ന ആക്രമണത്തിനു കുറവു വന്നു. ഇക്കാലത്തു തന്നെ മിഷൻ പ്രവർത്തനത്തിൽ ചേർന്നവരിൽ ചിലർ മാതൃസഭയിലേക്ക് മടങ്ങി. ജോസഫ് പീറ്റിന്റെ ശിക്ഷണത്തിൽ പഠിച്ചു പരിശീലനം നേടിയ ആറുപേരെ കൊച്ചിയിൽ വച്ച് വൈദികരായി പട്ടത്വം നൽകി.

സാമൂഹിക പരിഷ്കരണത്തിന്റെ ഭാഗമായിട്ടാണ് ജോസഫ് പീറ്റ് സ്കൂളുകൾ ആരംഭിച്ചത്. സ്കൂളുകളിൽ വ്യത്യസ്ത ജാതിയിലുള്ളവർക്ക് പല മുറികൾ അനുവദിച്ചിരുന്നതിനെ അദ്ദേഹം എതിർത്തു. ‘എല്ലാ കുട്ടികളും ഒരുമിച്ചിരുന്നു പഠിക്കണം’ എന്നു എഴുതുകയും പ്രബോധിപ്പിക്കുകയും മിഷൻ സ്കൂളുകൾ അതിനു മാതൃകയാകുകയും ചെയ്തു. വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം വളർത്തുന്നതിനായി ലാബുകൾ സജ്ജീകരിച്ചു. മൈക്രോസ്കോപ്പും ടെലസ്കോപ്പും ആദ്യമായി ഇവിടെ കൊണ്ടുവന്നു. ‘വലിയരാജ’ മിഷൻ കേന്ദ്രത്തിൽ വന്ന് ലാബ് ഉപകരണങ്ങളുടെ പ്രവർത്തനം നേരിട്ട് കണ്ട് മനസ്സിലാക്കി.

മലയാള ഭാഷയുടെ വളർച്ചയിലും ജോസഫ് പീറ്റിന്റെ സേവനം വിലമതിക്കുന്നതാണ്. 1841ൽ കോട്ടയം സി.എം.എസ് പ്രസിൽ നിന്നും മലയാള വ്യാകരണം അച്ചടിച്ചു പ്രസിദ്ധീകരിച്ചു. മലയാളത്തിലെ മൂന്നാമത്തെ വ്യാകരണം* എന്നതാണ് വ്യാകരണഗ്രന്ഥത്തിന്റെ മുഴുവൻ പേര്. മലയാളം അച്ചുകൾ ഇതിനായി ഉപയോഗിച്ചുവെന്ന പ്രത്യേകതയും ഈ വ്യാകരണഗ്രന്ഥത്തിനുണ്ട്. ഇന്നാട്ടിലെത്തിയതിന്റെ എട്ടാം വർഷം ഭാഷ പഠിച്ച് തയ്യാറാക്കിയ ഈ വ്യാകരണഗ്രന്ഥം ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥർക്ക് ഇന്നാട്ടിലുള്ള ഭരണാധികാരികളുമായും ദേശാധിപന്മാരുമായും നേരിട്ട് ആശയവിനിമയം നടത്തുവാൻ സഹായിച്ചിരുന്നു. ഇവിടെയുള്ളവർക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാൻ കഴിയുന്ന വിധത്തിലും ഈ കൃതി സഹായകമായിരുന്നു. ജോസഫ് പീറ്റിന്റെ വ്യാകരണം വ്യവഹാരഭാഷയോട് ഇണങ്ങുന്നതായിരുന്നുവെന്ന് ഉള്ളൂർ എസ് പരമേശ്വരയ്യർ സാഹിത്യചരിത്രത്തിൽ പറയുന്നുണ്ട്. അക്കാലംവരെയുള്ള മലയാളഭാഷയുടെ വളർച്ചയും ഇതിൽ നിന്നും മനസ്സിലാക്കാം. ‘ഠരംശ്വരൻ’ എന്നത് ‘ഈശ്വരൻ’ എന്നതിന്റെ അച്ചടിരൂപമാണ്. സംവൃതോകാരം പ്രചാരത്തിൽ ഇല്ലായിരുന്നു. ‘ഉണ്ട’ എന്ന കണ്ടാൽ ‘ഉണ്ടു്’ എന്നു വായിക്കണം. ബൈബിൾ വിവർത്തനത്തിനായി റവ.ബെഞ്ചമിൻ ബയ്‌ലി നിർമ്മിച്ചെടുത്ത അച്ചാണ് ഈ കൃതിയിൽ ഉപയോഗിച്ചിരിക്കുന്നത്.

വ്യാകരണത്തിന്റെ രണ്ടാംപതിപ്പ് 1860ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. പേര് A grammar of the the Malayalam Language എന്നാക്കി ചുരുക്കി. ‘എ’, ‘ഒ’ എന്നിവയുടെ ഉപലിപികൾ (‘ െ’, ‘ൊ’) സന്ദർഭാനുസരണം ‘ഏ’, ‘ഓ’ എന്നിങ്ങനെ ഉച്ചരിക്കണം. ഉദാഹരണമായി ‘പൊക’ എന്ന കണ്ടാൽ ‘പോക’ എന്നുതുടങ്ങിയ ചില മാറ്റങ്ങൾ ഒഴിവാക്കിയാൽ ആദ്യപതിപ്പും രണ്ടാം പതിപ്പും തമ്മിൽ പ്രകടമായ വ്യത്യാസമില്ലായെന്നു കാണാം. ‘ഈ’ എന്ന ലിപിയുടെ പഴയരൂപവും (ഠരം) പുതിയരൂപവും (‘ഈ’) ഇടകലർത്തി ഉപയോഗിച്ചിരിക്കുന്നു. സ്വതന്ത്രവും തനതുവ്യക്തിത്വമുള്ളതുമായ ഭാഷയിൽ മലയാളത്തെ മനസ്സിലാക്കുകയും അതിന്റെ മൗലിക സവിശേഷതകളെക്കുറിച്ച് ചിന്തിക്കുകയും ചെയ്ത വൈയാകരണനായിരുന്നു ജോസഫ് പീറ്റ്.

മലയാള നോവൽ സാഹിത്യം പിറവിയെടുക്കുന്നത് വിവർത്തനത്തിലൂടെയാണ്. ആദ്യവിവർത്തകൻ ജോസഫ് പീറ്റാണ്. ഭാരതീയ ഭാഷയിലെ ആദ്യനോവലാണ് കാതറൈൻ ഹന്നാ മുല്ലൻസ് 1852ൽ ബംഗാളിഭാഷയിൽ പ്രസിദ്ധീകരിച്ച ‘ഫുൽമണി കരുണാർ ബിബരൺ’**. പിറ്റേവർഷം ഈ നോവൽ 'The History of Fulmoni and Karuna' എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ഉണ്ടായി. ബംഗാളിലെ ഒരു ഗ്രാമത്തിലെ പ്രവർത്തനത്തിലൂടെ ഒരു മദാമ്മ വരുത്തുന്ന പരിഷ്കരണമാണ് നോവലിന്റെ ഇതിവൃത്തം. പ്രബോധനപരമാണ് ഈ നോവൽ. ഇംഗ്ലീഷ് വിവർത്തനംവായിച്ച് താല്പര്യം തോന്നി ജോസഫ് പീറ്റ് ഇതിന്റെ മലയാളപരിഭാഷ നടത്തി 1858ൽ കോട്ടയം സി.എം.എസ് പ്രസിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ‘ഫുൽമേനിയെന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ’ എന്ന പേരിലാണ് പ്രസിദ്ധീകരിച്ചത്. ഒ. ചന്തുമേനോന്റെ ‘ഇന്ദുലേഖ’യ്ക്കു മുമ്പുണ്ടായിട്ടുള്ള ആർച്ചു ഡീക്കൻ കോശിയുടെ ‘തീർത്ഥാടകരുടെ പുരോഗതി’(1847), ‘തിരുപ്പോരാട്ടം’(1865), കോളിൻസ് മദാമ്മയുടെ ‘ഘാതകവധം’(1877), ‘പുല്ലേലി കുഞ്ചു’(1882), അപ്പു നെടുങ്ങാടിയുടെ ‘കുന്ദലത’(1888) എന്നീ കൃതികൾക്ക് ഈ കൃതി മാതൃകയായിരുന്നു. സാഹിത്യചരിത്രത്തിൽ നിന്നും ഈ കൃതി വിസ്മൃതമായി. പ്രൊഫ.സ്കറിയ സക്കറിയ ടൂബിംഗ് സർവകലാശാലയിൽ നിന്നും ഈ നോവലിന്റെ പകർപ്പ് കണ്ടെത്തി. 1989ൽ ഡി.സി.ബുക്സ് ഈ നോവൽ പുനഃപ്രസിദ്ധീകരിച്ചു. 1860ൽ പ്രസിദ്ധീകരിച്ച ‘തിരുവിതാംകൂറിലെ അടിമകൾ’ എന്ന ലേഖനം (മദ്രാസ് ചർച്ച് മിഷനറി റെക്കോർഡ്സ്) കേരളചരിത്രത്തിലേക്കുള്ള പ്രവേശികയാണ്. 1853ൽ വിദ്യാർത്ഥികൾക്കായി ‘ഭൂമിശാസ്ത്രം’ എന്ന കൃതിയും എഴുതി പ്രസിദ്ധീകരിച്ചു. ഇതിലെ ചിത്രങ്ങൾ ചെന്നൈയിലെ ഡമ്പി ആന്റ് സിങ്ക്ളെയർ ലിത്തോപ്രസിലാണ് അച്ചടിച്ചിരുന്നത്. മലയാളത്തിൽ ആദ്യമായി ഭൂപടങ്ങൾ അതിന്റെ എല്ലാ പ്രത്യേകതകളോടുംകൂടി ഉപയോഗിച്ച ആദ്യപുസ്തകമാണിത്.

1860 മുതൽ ജോസഫ് പീറ്റിന് ശാരീരികമായി ബലഹീനത അനുഭവപ്പെട്ടുതുടങ്ങി. “അത്യാവശ്യ ജോലികൾപോലും ബലഹീനമായ ശരീരംകൊണ്ടു ചെയ്യാൻ കഴിയാതെവന്നിരിക്കുന്നു” എന്ന അവസ്ഥയിലായി. നീലഗിരിയിലെ വിശ്രമവും മദ്രാസിലെ ചികിത്സയും ഫലപ്രദമായില്ല. 1864ൽ ജോസഫ് പീറ്റ് ഇംഗ്ലണ്ടിലേക്ക് പോയി. രോഗസൗഖ്യം ഉണ്ടാവില്ലെന്ന് ഉറപ്പായ സാഹചര്യത്തിൽ തന്റെ പ്രവർത്തനമേഖലയിലേക്ക് മടങ്ങിവരുവാൻ തീരുമാനിച്ചു. അത്രമാത്രം അദ്ദേഹം മിഷൻ കേന്ദ്രത്തെയും മാവേലിക്കരയെയും സ്നേഹിച്ചു.

ആയുസ്സിന്റെ കൃത്യം പകുതി മലയാളക്കരയിൽ താമസിക്കുകയും അതിൽ 25 വർഷം മാവേലിക്കരയിൽ തന്നെ ജീവിക്കുകയും ചെയ്ത ജോസഫ് പീറ്റ് 1865 ആഗസ്റ്റ് 11ന് 64-ാമത്തെ വയസ്സിൽ അന്തരിച്ചു. ദേവാലയങ്കണത്തിൽ തന്നെ സംസ്ക്കരിച്ചു.

ജോസഫ് പീറ്റിന്റെ ജീവചരിത്രം ഡോ.സാമുവൽ നെല്ലിമുകൾ എന്ന വൈജ്ഞാനിക ഗവേഷകൻ തയ്യാറാക്കി. കോട്ടയം അയ്മനത്ത് കല്ലൂർവീട്ടിൽ റവ.കെ.ഒ.ഫിലിപ്പിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും ജോസഫ് പീറ്റിന്റെ ഡയറികളും മാസികകളും കണ്ടെത്തി. കാരയ്ക്കൽ കുഴിവേലിപ്പുറത്ത് ചെറുകാട്ടുശേരിൽ പ്രൊഫ.പി.എ. അലക്സാണ്ടർ, റവ. കെ.ഒ.ഫിലിപ്പിന്റെ കൊച്ചുമകൻ ഉമ്മൻ ഫീലിപ്പോസ് എന്നിവരുടെ സഹായം ഇക്കാര്യത്തിൽ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. നിറം മങ്ങിത്തുടങ്ങിയ നിശ്ചല ഫോട്ടോകൂടി ലഭിച്ചതോടെ ജോസഫ് പീറ്റ് നിത്യദൃശ്യവുമായി. അക്ഷരച്ചെപ്പിലുള്ള ജീവചരിത്രം 2000-ൽ പ്രസിദ്ധീകരിച്ചതോടെ ജോസഫ് പീറ്റിനെക്കുറിച്ചുള്ള പല തെറ്റായ വിലയിരുത്തലുകൾക്കും വിരാമമായി. ‘റവ.ജോസഫ് പീറ്റ് സാക്ഷ്യവും നവീകരണവും’ (പ്രൊഫ.ഡോ.അശോക് അലക്സ് ഫിലിപ്പ്), ‘ജോസഫ് പീറ്റ്: ജീവിതവും സംഭാവനകളും’ (ഡോ.ബാബു ചെറിയാൻ) എന്നിവർ ജോസഫ് പീറ്റിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. മധ്യകേരള മഹായിടവകയുടെ നേതൃത്വത്തിൽ ജോസഫ് പീറ്റ് താമസിച്ച ബംഗ്ലാവ് 1960ൽ പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് സെന്ററായി. സാംസ്കാരിക കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിലെ അവിസ്മരണീയനാണ് റവറന്റ് ജോസഫ് പീറ്റ്.



coming from the village after collecting it at a place, and this filtered water is now being used for irrigation by the farmers of the village, thereby, liberating them from pollution, filth and disease and irrigating the fields too.

Friends, an example of how protection of environment can open avenues of income was seen in Tawang in Arunachal Pradesh too. For centuries a type of paper called 'Mon Shugu' is made in this hilly region of Arunachal Pradesh. The locals here make this paper from the bark of a plant named Shugu Sheng, hence trees do not have to be cut to make this paper. Besides, no chemical is used in making this paper, thus, this paper is safe for the environment and for health too. There was a time when this paper was exported but with modern techniques, large amount of paper started getting made and this local art was pushed to the brink of closure. Now a local social worker Gombu has made an effort to rejuvenate this art, this is also giving employment to tribal brothers and sisters there.

I have seen another news from Kerala that makes us realise our responsibilities. In Kottayam of Kerala there is an elderly divyang, N.S Rajappan Sahab. Due to paralysis, Rajappan is incapable of walking, but this has not affected his commitment to cleanliness. For the past several years he has been going by boat in Vembanad lake and taking out the plastic bottles thrown into the lake. Think, how great Rajappan ji's thought is! Taking inspiration from Rajappan ji, we too should, wherever possible, make our contribution to cleanliness.

My dear countrymen, you must have witnessed a few days ago, that four women pilots from India took command of a non-stop flight from San Francisco, America to Bangalore. Travelling more than ten thousand kilometres, this flight ferried more than two hundred and fifty passengers to India. You must have also observed this time in the 26th January parade, where two women officers of the Indian Air Force created new history. Whatever be the area, the participation of the women of the country is continuously on the rise, but, often we see that, there is not much discussion of similar changes occurring in the villages of the country, so, when I got this news from Jabalpur in Madhya Pradesh, I felt that I must make a mention of it in 'Mann Ki Baat'.

This news is very inspiring. In Chichgaon, Jabalpur, some tribal women were working on daily wages in a rice mill. Just like the Corona pandemic affected every person in the world, these women were also affected. Work stopped in their rice mill. Naturally, their income got affected as well but they did not get disheartened; they did not give up. They decided that collectively they would start their own rice mill. The mill where they worked wanted to sell its machine too. One among these women, Meena Rahangadale ji formed a 'Self Help Group' by associating all the women, and all of them raised capital from their savings. Whatever amount of money was short, was sourced under the aegis of Ajivika mission in the form of a loan from the bank, and, now see, these tribal sisters bought the same rice mill in which they once worked! Today they are running their own rice mill. Within this very period, this mill has also earned a profit of about three lakh rupees. With this profit, Meena ji, and her colleagues, are arranging to repay the bank loan and then seeking avenues to expand their business. Such amazing efforts have taken place in every corner of the country to counter whatever circumstances Corona created.

My dear countrymen, if I mention Bundelkhand to you, what are the things that will come to your mind? Those interested in history will connect this area with Rani Lakshmibai of Jhansi. At the same time, some people will think of beautiful and serene Orchha. And some people will also remember the extreme heat conditions of this region, but, these days something different is happening here which is quite heartening, and about which, we must know. Recently, a month long 'Strawberry Festival' began in Jhansi.Everyone is surprised - Strawberry and Bundelkhand! But, this is the truth. Now, there is growing enthusiasm about the cultivation of Strawberry in Bundelkhand, and one of Jhansi's daughters - Gurleen Chawla has played a huge role in it! A Law student Gurleen carried out Strawberry cultivation successfully first at her home and then in her farm raising the hope that this was possible in Jhansi too. Jhansi's Strawberry festival emphasizes the 'Stay at Home' concept. Through this festival, farmers and youth are being encouraged to do gardening and grow strawberries in the vacant spaces behind their home, or in the Terrace Garden. With the help of new technology, similar efforts are also being done in other parts of the country, Strawberry which was once identified with the hills, is now also being cultivated in the sandy soil of Kutch, boosting the income of farmers.

Friends, experiments like the Strawberry Festival not only demonstrate the spirit of Innovation ; they also demonstrate the manner in which the agricultural sector of our country is adopting new technologies. Friends, the government is committed to modernizing agriculture and is also taking many steps in that direction. The efforts of the Government shall also continue in future.

My dear countrymen, just a few days ago I watched a video. That video was of Sarmuddin, a painter from Naya Pingla village in West Midnapore, West Bengal. He was expressing happiness that his painting based on Ramayana had sold for two lakh rupees. This brought great happiness to his fellow villagers too. After watching this video, I was curious to know more about it. In this very context, I came to know about a very good initiative related to West Bengal, which, I would definitely like to share with you.

The regional office of the Ministry of Tourism started an 'Incredible India Weekend Getaway' in the villages of Bengal at the beginning of the month. The Handicraft artisans from West Midnapore, Bankura, Birbhum, Purulia, East Bardhaman, organized handicraft workshop for visitors. I was also told that the total sales of handicrafts during the Incredible India Weekend Getaways is very encouraging to the handicraft artisans. People are also making our art forms popular employing novel methods across the country.

Look at Bhagyashree Sahu of Rourkela, Odisha. Although she is a student of Engineering, in the past few months, she started learning the art of Pattchitra and has mastered it. But, did you know where she began painting - Soft Stones, on Soft Stones. On her way to college, Bhagyashree found these Soft Stones, she collected and cleaned them. Later, she painted these stones in Pattachitra style for two hours every day. After painting these stones, she started gifting them to her friends. During the lockdown, she started painting on bottles too. And now, she even conducts workshops on this art form. A few days ago, on the birth anniversary of Subhash Babu, Bhagyashree paid him a unique tribute done on stone. I wish her all the best for her future endeavours. A lot new can be learnt and done through Art and Colours.

I was informed of a similar novel initiative being carried out in Dumka, Jharkhand. A principal of a middle school there, in order to teach and help the children learn, got the village walls painted with the letters of the English and Hindi alphabets ; alongside various pictures have also been painted which are helping the village children a lot. I extend my greetings to all such individuals who are involved in such initiatives.

My dear countrymen, thousands of kilometers from India, across many oceans and continents, lies a country - Chile. It takes a lot of time to reach Chile from India. However, the fragrance of Indian culture has been there for a long time. Another significant aspect is that Yoga is extremely popular there. You will be pleased to know that there are more than 30 Yoga schools in Santiago, the capital of Chile. The International Day of Yoga is also celebrated with great fervor in Chile. I have been told that the House of Deputies is full of ardent enthusiasm for the Yoga Day. In these times of Corona, with a stress on immunity and ways to strengthen it, through the power of Yoga, now they are attaching much more importance to Yoga. The Chilean Congress, that is their Parliament, has passed a proposal. There, the 4th of November has been declared as National Yoga Day. Now, you would be wondering, what is so special about 4th of November! On 4th of November 1962, the first Yoga institution in Chile was established by José Rafael Estrada. By proclaiming this day as National Yoga Day, a tribute has been paid to Estrada ji. This is a special honour by the Chilean Parliament, which every Indian takes pride in. By the way, there is another aspect about the Chilean Parliament, one which will interest you. The name of the Vice President of the Chilean Senate is Rabindranath Quinteros. He has been so named, inspired by Vishwa Kavi Gurudev Rabindranath Tagore.

My dear countrymen, I have been requested by Dr. Swapnil Mantri from Jalna,Maharashtra and Prahlad Rajgopalan from Palakkad, Kerala on MyGov to speak on 'Road safety' in Mann Ki Baat. This very month, from the 18th of January to the 17th of February, our country is observing Road Safety month. Road accidents are a matter of concern not just in our country but also the world over. Today, in India, many efforts are being made for road safety at the individual and collective level along with the Government. We should all become active stakeholders in these efforts to save lives.

Friends, you must have noticed, passing through the roads that the Border Road Organization builds, one gets to see many innovative slogans. Slogans such as 'This is highway not runway' or 'Be Mr. Late than Late Mr.' are quite effective in promoting awareness about being careful on the roads. Now you can also send such innovative slogans or catch phrases on MyGov. Good slogans from you too will be used in this campaign.

Friends, whilst speaking about Road safety, I would like to mention a post received on NaMo app from Aparna Das ji of Kolkata. Aparna ji has asked me to speak on the 'FASTag programme'. She says that the experience of travel has changed with 'FASTag'. This saves not just travel time ; problems like stopping at Toll Plaza, worrying about cash payment are also over. Aparna ji is right too! Earlier, a vehicle used to take on an average 7 to 8 minutes to cross our toll plazas. However, since the emergence of 'FASTag', this time has reduced to around one and a half minutes to 2 minutes on an average. Due to this reduced waiting time at the Toll plaza, fuel too is being saved. It is estimated that this will save approximately 21 thousand crore Rupees of our countrymen. That is saving money as well as time. I urge all of you to follow all the guidelines, take care of yourself and also save the lives of others.

Friends, it is said here- "जलबिंदु निपातेन क्रमशः पूर्यते घटः", meaning that drop by drop, the pot gets filled. Every single effort of ours leads to the realization of our resolve. Therefore, the goals with which we started in 2021, we all have to fulfill them together. Come, let us all work together to make this year meaningful. Do keep sending your messages, your ideas. We will meet again next month.

# ഏ.ആർ.രാജരാജവർമ്മ മലയാളത്തിന്റെ തമ്പുരാൻ

നടപടിക്രമങ്ങൾ ആരംഭിച്ചു. ഇവിടെനിന്നും ഏഴെട്ടു സാഹിത്യകാരന്മാർ മുഖ്യമന്ത്രി, സാംസ്കാരികവകുപ്പു മന്ത്രി, പ്രതിപക്ഷ നേതാവായിരുന്ന ഉമ്മൻചാണ്ടി തുടങ്ങിയവരുടെ നേതൃത്വത്തിൽ മലയാളഭാഷയെക്കുറിച്ച് ഒരു ലഘുപ്രബന്ധം തയ്യാറാക്കി പ്രധാനമന്ത്രി മൻമോഹൻസിംഗിനെ കണ്ട് കാര്യം അവതരിപ്പിച്ചു. പ്രബന്ധം ഒന്നോടിച്ചുനോക്കിയിട്ട് അദ്ദേഹം പറഞ്ഞു, മലയാളത്തിനും ക്ലാസിക്പദവി ലഭിക്കുന്നതിനുള്ള അർഹതയുണ്ട്. പക്ഷെ ഇതുകൊണ്ടായില്ല. ഒരു ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കണമെങ്കിൽ നാലു മാനദണ്ഡങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ നാലു മാനദണ്ഡങ്ങളും നിങ്ങളുടെ ഭാഷ പാലിക്കുന്നുണ്ട് എന്ന് കാണിക്കുന്ന വിശദമായ ഒരു റിപ്പോർട്ട് തെളിവു സഹിതം തരികയാണെങ്കിൽ നമ്മുക്കിക്കാര്യം പരിഗണിക്കാം, വേണ്ട നടപടി ഉണ്ടാക്കാം എന്നു പ്രധാനമന്ത്രി ഉറപ്പുനൽകി. പിന്നീട് റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള ആലോചനയായി. നമ്മുടെ സാംസ്കാരിക കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് കേരള സാഹിത്യ അക്കാദമിയാണല്ലോ. കേരളസാഹിത്യ അക്കാദമിക്ക് കേരള സർക്കാർ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല നൽകി. പക്ഷേ എങ്ങുമെത്തിയില്ല. പലരോടും ലേഖനവും പ്രബന്ധവും തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. അങ്ങനെയിരിക്കുമ്പോഴാണ് 2011 ജൂൺമാസത്തിൽ ദ്രവീഡൻ ലിംഗ്വിസ്റ്റിക്സ് അസോസിയേഷന്റെ മുപ്പത്തിയൊമ്പതാമത് അഖിലേന്ത്യ സമ്മേളനം തിരുവനന്തപുരത്തുവച്ച് നടന്നത്.

നാഗർകോവിലിനടുത്തുള്ള വടശ്ശേരിയിലെ അയ്യൻപെരുമാൾ സുബ്രഹ്മണ്യം കേരളസർവ്വകലാശാലയിലെ ഭാഷാശാസ്ത്രത്തിന്റെ പ്രൊഫസറായിരുന്നു. ലോകം അറിയപ്പെടുന്ന ഭാഷാശാസ്ത്രജ്ഞനാണ് ഡോ.വി.ഐ.സുബ്രഹ്മണ്യം. അദ്ദേഹമാണ് തഞ്ചാവൂരിലെ തമിഴ് യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ വൈസ്ചാൻസലർ. അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് ദ്രാവിഡ ഭാഷകൾക്കെല്ലാംകൂടി ഒരു ദ്രാവിഡ സർവകലാശാല ആന്ധ്രാപ്രദേശിലെ കൂപ്പത്ത് ആരംഭിച്ചത്. ഇങ്ങനെയെല്ലാം ഭാഷയ്ക്കുവേണ്ടി സേവനം ചെയ്തിട്ടുള്ള ആളാണ് ഡോ. വി.ഐ. സുബ്രഹ്മണ്യം. 1971ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ച ഒരു സംഘടനയാണ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് അസോസിയേഷൻ. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകളിൽ ഉപരിഗവേഷണം നടത്തുന്നതിനും സംസ്കാരത്തെക്കുറിച്ച് പഠിക്കുന്നതിനും ചരിത്രപരമായിട്ടുള്ള മറ്റുകാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും വേണ്ടിയുള്ള ഒരു കർമ്മപദ്ധതിയുമായിട്ടാണ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് അസോസിയേഷൻ നിലവിൽ വരുന്നത്. ഈ അസോസിയേഷന്റെ മുപ്പത്തിയൊമ്പതാമത് അഖിലേന്ത്യ കോൺഫറൻസാണ് 2011ൽ തിരുവനന്തപുരത്തുവച്ച് നടന്നത്. ഈ അസോസിയേഷനാണ് കേരളത്തിൽ ആദ്യമായി ഏ.ആർ. രാജരാജവർമ്മയ്ക്ക് ഒരു സ്മാരകമുണ്ടാക്കിയത്. അത് അധികമാരും അറിഞ്ഞിട്ടില്ല.

> നമ്മുടെ സാംസ്കാരിക കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് കേരള സാഹിത്യ അക്കാദമിയാണല്ലോ. കേരളസാഹിത്യ അക്കാദമിക്ക് കേരള സർക്കാർ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല നൽകി. പക്ഷേ എങ്ങുമെത്തിയില്ല. പലരോടും ലേഖനവും പ്രബന്ധവും തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. അങ്ങനെയിരിക്കുമ്പോഴാണ് 2011 ജൂൺമാസത്തിൽ ദ്രവീഡൻ ലിംഗ്വിസ്റ്റിക്സ് അസോസിയേഷന്റെ മുപ്പത്തിയൊമ്പതാമത് അഖിലേന്ത്യ സമ്മേളനം തിരുവനന്തപുരത്തുവച്ച് നടന്നത്.

ഏ.ആർ. രാജരാജവർമ്മയുടെ പേരിൽ ആദ്യമായിട്ട് ഗ്രന്ഥാലയവും അദ്ദേഹത്തിന്റെ സ്മാരകമായിട്ട് വലിയ ഒരു ഓഡിറ്റോറിയവും തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചത് ഈ അസോസിയേഷനാണ്. രത്നം തമ്പുരാട്ടി ആറുമാസത്തിനുമുമ്പ് അവിടെ വന്നപ്പോൾ ഞങ്ങൾ അതെല്ലാം കൊണ്ടുനടന്ന് അവരെ കാണിക്കുകയുണ്ടായി. ദ്രാവിഡഭാഷാശാസ്ത്രജ്ഞരുടെ കോൺഫറൻസുകളിൽ വച്ച് മലയാളം ഭാഷയെ ഒന്നാം ഭാഷയായി മാറ്റുന്നതിനും ഔദ്യോഗിക ഭാഷയാക്കുന്നതിനുമുള്ള പ്രമേയങ്ങൾ നിരവധി പാസാക്കിയിട്ടുണ്ട്. 2011ലെ കോൺഫ്രൻസിൽ മലയാളത്തിന് ക്ലാസിക്കൽ പദവി എന്ന വിഷയത്തെക്കുറിച്ച് ഒരു സെഷൻ, ഏർപ്പെടുത്തുകയുണ്ടായി. അത് ഉത്ഘാടനം ചെയ്തത് മന്ത്രി എം.എ. ബേബിയും സെഷന്റെ മുഖ്യപ്രഭാഷകനായിരുന്നത്. പ്രൊഫ. ഒ.എൻ.വി. കുറുപ്പുമാണ്. അന്ന് അവിടെ സന്നിഹിതരായിരുന്ന തെലുഗു കന്നഡ തമിഴ് പ്രൊഫസർമാരും വടക്കേ ഇന്ത്യയിൽ നിന്നും വന്ന ഭാഷാശാസ്ത്രജ്ഞരുമൊക്കെ മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവിക്ക് അർഹതയുണ്ടെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇതു നേരിട്ടു കേൾക്കുവാനും മലയാളത്തിന്റെ അർഹത മനസ്സിലാക്കുവാനും പ്രൊഫ. ഒ.എൻ.വി. കുറുപ്പിനും എം.എ. ബേബിക്കും കഴിഞ്ഞതിന്റെ പശ്ചാത്തലത്തിലാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല അസോസിയേഷനിൽ വന്നു ചേർന്നത്. ഞാൻ അന്ന് ഇന്റർനാഷണൽ സ്ക്കൂളിൽ സീനിയർ ഫെലോയായിരുന്നു. റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാരിൽ നിന്നും നിർദ്ദേശം വന്നപ്പോൾ ഡോ. പുതുശ്ശേരി രാമചന്ദ്രൻ പ്രസിഡന്റും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. രാമ മെമ്പറും ഞാൻ കൺവീനറുമായിട്ടുള്ള ഒരു സമിതിയാണ് ചുമതല ഏറ്റെടുത്തത്.

റിപ്പോർട്ട് തയ്യാറാക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു നിയോഗമായിരുന്നു. മഹാകവി കുമാരനാശാൻ പ്രരോദനത്തിൽ സൂചിപ്പിച്ചിട്ടുള്ള നാട്ടുമാവ് യൂണിവേഴ്സിറ്റി കോളേജിലാണുള്ളത്. ഇന്നത് നിലംപൊത്തിപ്പോയി. ആ മാവിന്റെ പടിഞ്ഞാറു ഭാഗത്ത് ദത്തൻ രൂപകല്പന ചെയ് ഏ. ആർ. തമ്പുരാന്റെ പ്രതിമ നില്ക്കുന്നു. ദീർഘകാലം യൂണിവേഴ്സിറ്റി കോളേജിലെ അധ്യാപകനായിരുന്നു ഞാൻ. ഒരു ക്ലാസിലും ഞാൻ തമ്പുരാനെ സ്മരിക്കാതെ പോയിട്ടില്ല. ക്ലാസിക് പദവി കിട്ടാൻ വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കുന്ന നിയോഗം എന്നിലർപ്പിതമായപ്പോൾ ഞാൻ ഏ. ആർ. പ്രതിമയുടെ മുന്നിൽ കുറേനേരം ചെന്നു നിന്നു. എന്നെ ഏല്പിച്ചിരിക്കുന്ന ചുമതല അത്ര നിസാരമല്ല. നമ്മുടെ ഭാഷയുടെ പഴക്കം സ്ഥാപിച്ച് തെളിവുകൾ അടുക്കും ചിട്ടയോടും കൂടി സമാഹരിച്ച് കൊടുക്കേണ്ട ദൗത്യമാണ് മലയാളഭാഷ എന്നെ ഏല്പിച്ചിരിക്കുന്നത്. മലയാളഭാഷയ്ക്ക് വേണ്ടി എക്കാലവും യൂറോപ്യൻ ശക്തികളോടു മത്സരിച്ചുനിന്ന ഏ.ആർ. തമ്പുരാന്റെ അടുക്കലല്ലാതെ മറ്റാരുടെ അടുത്താണ് അഭയം തേടാൻ പറ്റുക. മുന്നോട്ടുപോകാമോ. ആ കണ്ണുകളിലേക്ക് നോക്കിയപ്പോൾ അനുമതി നൽകുന്നതായി തോന്നി. അങ്ങനെയാണ് ഈ സംരംഭത്തിലേക്ക് ഇറങ്ങിത്തിരിച്ചത്. നമ്മുടെ ഭാഷയെക്കുറിച്ച് പ്രാമാണികമായിട്ട് മഹാപണ്ഡിതന്മാർ അഭിപ്രായം രേഖപ്പെടുത്തിവച്ചിട്ടുണ്ട്. അതൊന്ന് ക്രോഡീകരിക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. ചിതറിക്കിടക്കുന്നതെല്ലാം ഒന്നടുക്കിയെടുത്ത് സ്ഥാപിക്കണം. 1500-2000 വർഷത്തെ പഴക്കം വേണമെന്നുള്ളതാണ് ആദ്യത്തെ മാനദണ്ഡം. മലയാളഭാഷയ്ക്ക് 1500 വർഷത്തിനുമേൽ പഴക്കമുണ്ടെന്നു സ്ഥാപിക്കാൻ തെളിവുകൾ നല്കണം.

ഏ.ആർ. രാജരാജവർമ്മ തന്നെയും ഏ.ഡി. ആറാം നൂറ്റാണ്ടുവരെയേ നമ്മുടെഭാഷയുടെ ചരിത്രം കൊണ്ടുപോയിട്ടുള്ളൂ. ഭാഷയുടെ പഴക്കത്തെപ്പറ്റി പറഞ്ഞുവരുന്ന സന്ദർഭത്തിൽ തമ്പുരാൻ ഡോ. കാൽഡ്വലിനെയാണ് പിൻതുടർന്നത് ഏ.ആറിന് മലയാളം തമിഴിന്റെ ഉപശാഖയാണ്. തമ്പുരാൻ ഉപദർശിച്ച കാലപ്പഴക്കമല്ല മലയാളത്തിനുള്ളത്. തമ്പുരാനെ നിഷേധിക്കേണ്ടിയിരിക്കുന്നു. അതിന് തമ്പുരാന്റെ അനുമതിയുണ്ടാവണമെന്ന് എനിക്ക് തോന്നി. നമ്മുടെ ഏതാനും ഭദ്രകാളിപാട്ടുകളിലും സംഘക്കളിയിലെ നാലു പാദം എന്നു പറയുന്ന സ്തുതി ഭാഗത്തും ഏഴാം നൂറ്റാണ്ടുവരെ പഴക്കമുള്ള മലയാളമാണ് കാണുന്നതെന്നുള്ള ഒരു അഭിപ്രായം ഏ.ആർ.രാജരാജവർമ്മ നടത്തിയിട്ടുണ്ട്. അത് ഭാഷയുടെ പഴക്കം നിർണ്ണയിക്കാൻ ഏറെ സഹായകമായി.

ഭാഷയുടെ പഴക്കം ക്രി. വ. അഞ്ചാം നൂറ്റാണ്ടിനപ്പുറത്തേക്ക് കൊണ്ടുപോകണം. മാനദണ്ഡം അങ്ങനെയാണ്. ഈ മാനദണ്ഡം രണ്ടാമത് എഴുതിച്ചേർത്തതാണ്. തമിഴ് ഭാഷയ്ക്ക് ക്ലാസിക് പദവി നൽകുന്ന ഘട്ടത്തിൽ പഴക്കം ആയിരം വർഷമേയുണ്ടായിരുന്നുള്ളു. ബോധപൂർവ്വമായ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് കാലപ്പഴക്കം ആയിരത്തിയഞ്ഞൂറാക്കി മാറ്റിയത്. മലയാളത്തിന്റെ പഴക്കം സ്ഥാപിക്കാൻ ശക്തമായ തെളിവുകൾ വേണം. തെളിവുകൾ അന്വേഷിച്ചു പോയപ്പോഴാണ് എൽ. വി. രാമസ്വാമി അയ്യർ എന്ന ഇംഗ്ലീഷ് പ്രൊഫസറുടെ ഭാഷാപഠനങ്ങൾ പ്രയോജനപ്പെട്ടത്.

എറണാകുളം മഹാരാജാസ് കോളജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന എൽ. വി. രാമസ്വാമിയയ്യർ ഒരു വലിയ ലിംഗ്വിസ്റ്റായിരുന്നു. 1936-47 കാലഘട്ടത്തിൽ അദ്ദേഹം മലയാളഭാഷയെക്കുറിച്ച് ഇംഗ്ലീഷിലെഴുതിയ ലേഖനങ്ങളിലൂടെയാണ് മലയാളഭാഷ ഓക്സ്ഫോർഡ്, ചിക്കാഗോ, പെൻസിൽവാനിയ യൂണിവേഴ്സിറ്റികളിൽ അറിയപ്പെട്ടത്. പ്രൊഫ. എൽ. വി. രാമസ്വാമി അയ്യർ എഴുതിയ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജിഎന്ന ഗവേഷണ പ്രബന്ധത്തിലാണ് ശാസ്ത്രീയമായിട്ട് മലയാളത്തിന്റെ പഴക്കം സ്ഥാപിച്ചിട്ടുള്ളത്. അഞ്ചാം നൂറ്റാണ്ടുമുതൽ മലയാളത്തിന്റെ പരിണാമം എൽ. വി. ആർ. കാണുന്നുണ്ട്. എടയ്ക്കൽ ഗുഹയിൽ നിന്നും കിട്ടിയിട്ടുള്ള ശിലാരേഖകൾ, പുളിമാങ്കൊമ്പ് വീരക്കൽ ലിഖിതം, പട്ടണം പര്യവേക്ഷണത്തിലൂടെ കിട്ടിയിട്ടുള്ള രേഖകൾ, നിലമ്പൂർ തമിഴ് ബ്രാഹ്മി ലിഖിതം എന്നിവയിലെല്ലാം മലയാളത്തിന്റെ സാന്നിധ്യം ഉണ്ട്. ഇതിനെല്ലാം ഉപരിയായി റിപ്പോർട്ടിൽ എടുത്തു കാണിച്ചത് സംഘസാഹിത്യത്തെയാണ്. മലയാളികൾ തമിഴെന്നു പറഞ്ഞ് ഉപേക്ഷിച്ചുകളഞ്ഞ ചിലപ്പതികാരം, കേരളത്തിൽ ഉണ്ടായ കൃതിയാണ്. തമിഴർക്ക് ഈ കൃതി പൂർണ്ണമായി മനസ്സിലാവില്ല. മലയാളിവായിച്ചാലും മുഴുവൻ മനസ്സിലാവില്ല. രണ്ടുപേർക്കും നാല്പതു ശതമാനം മനസ്സിലാകും. അതിന്റെയർത്ഥം തമിഴിനും മലയാളത്തിനും പൊതുവായിട്ട് ഒരു ഭാഷ ഉണ്ടായിരുന്നുവെന്നാണ്. മലയാളം തമിഴിൽ നിന്നും നേരിട്ട് ഉണ്ടാ യതല്ല. തമിഴ് മലയാളം ഭാഷകൾക്ക് ഒരു പൊതു ഭാഷ ഉണ്ടായിരുന്നു. പ്രോട്ടോ തമിഴ് മലയാളം. ആ ഒരു പൊതുഭാഷയിൽനിന്ന് സഹ്യപർവ്വതത്തിനു പടിഞ്ഞാറുള്ള ഭാഷ മലയാളമായിട്ടും സഹ്യപർവ്വതത്തിനു കിഴക്കുള്ള ഭാഷ തമിഴായിട്ടും രൂപാന്തരം പ്രാപിച്ചു. അല്ലാതെ ഒന്നിൽനിന്നും മറ്റൊന്നുണ്ടായതല്ല. രണ്ടിനും കൂടി പൊതുവായിട്ടുള്ള ഒരു ഭാഷയുണ്ടായിരുന്നു. ഈ പൊതുഭാഷയുടെ സൃഷ്ടിയാണ് സംഘകാലസാഹിത്യം. സംഘകാലസാഹിത്യത്തിലെ മൂന്നു പ്രധാനപ്പെട്ട കൃതികളാണ് ചിലപ്പതികാരവും ഐങ്കുറുനൂറും. പതിറ്റിപ്പത്തും. ഇതുകൂ ടാതെ സംഘകാല കവികളിൽ നാല്പത്തി രണ്ടോളം പേർ കേരളക്കാരായിട്ടുണ്ട്.

സംഘസാഹിത്യത്തിൽ മലനാട്ടുവഴക്കങ്ങളുണ്ട്. മലനാട്ടിലെ സംസാരഭാഷയുടെ പ്രത്യേകതയെയാണ് വൈയാകരണന്മാർ മലനാട്ടുവഴക്കം എന്നു പറയുന്നത്. അതിന്റെ അർത്ഥം സംഘസാഹിത്യം തമിഴനും മലയാളിക്കും പൊതുവായി അവകാശപ്പെട്ട മുതലാണെന്നാണ്. ചിലപ്പതികാരത്തിലെ വഞ്ചി കേരളത്തിലാണ്. ധാരാളം മലയാളം വാക്കുകൾ ചിലപ്പതികാരത്തിലുണ്ട്. ഇന്നത്തെ തമിഴിൽ ഇല്ലാത്ത ഒരുപാടു വാക്കുകൾ സംഘംകൃതികളിലുണ്ട്. പ്രത്യേകിച്ചും ചിലപ്പതികാരത്തിൽ. മാന്നിക്കായി ഒരുദാഹരണമാണ് വാലായ്മ, കൂറ്, വഴിപാട് തുടങ്ങിയ വാക്കുകൾ മലയാളമാണ്. സംഘസാഹിത്യത്തിന്റെ അടിസ്ഥാനത്തിലാണ് തമിഴിന് ക്ലാസിക് പദവി നൽകിയത്. സംഘസാഹിത്യം പൊതു മുതലായിട്ടുള്ള മലയാളത്തിനും ശ്രേഷ്ഠഭാഷാപദവി ലഭിക്കേണ്ടതാണ്. മലയാളത്തിനും അവകാശപ്പെട്ടതാണ് സംഘസാഹിത്യം. സംസ്കൃതഭാഷയുടെ അതിപ്രസരം നിമിത്തം നമ്മൾ നമ്മുടേതായ പലതും കൈവിട്ടുകളഞ്ഞു. കുലശേഖര ആഴ്വാറുടേയും ചേരമാൻ പെരുമാൾ നായനാരുടേയും വേണാട്ടടികളുടേയും കീർത്തനങ്ങൾ ശ്രദ്ധിച്ചുവായിച്ചാൽ മനസ്സിലാകാവുന്നതേയുള്ളു. നമ്മൾ അതിനെയെല്ലാം ഉപേക്ഷിച്ചുകളഞ്ഞു. മലയാളം ഉപയോഗിക്കേണ്ട സന്ദർഭങ്ങളിലെല്ലാം നമ്മൾ സംസ്കൃതവാക്കുകൾ ഉപയോഗിക്കാൻ തുടങ്ങി. മുഞ്ഞി എന്നു പറഞ്ഞാൽ നമ്മുടെ മുഖം കറക്കും. മുഖം എന്നു പറഞ്ഞാൽ സന്തോഷമായി. നിത്യവ്യവഹാരത്തിൽ നിന്ന് ഒഴിവാക്കിയ മലയാളം വാക്കുകളാണ്. അശ്ലീലമായിട്ട്, ഗ്രാമ്യമായിട്ടുമാറിയത്. മുല എന്നു പറയേണ്ടിടത്ത് പണ്ടത്തെ പുസ്തകത്തിൽ രണ്ട് നക്ഷത്രചിഹ്നമിടുമായിരുന്നു.

➲10

# വിശാല വായന ഫാസിസത്തെ ഇല്ലാതാക്കും

**വി**ശാല വായന ഫാസിസത്തെ ഇല്ലാതാക്കുമെന്ന് പ്രശസ്ത കഥാകാരൻ സക്കറിയ.

ബിഷപ്പ് മൂർ കോളജ് മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മുപ്പത്തിയെട്ടാമത് റവ.ജോർജ് മാത്തൻ സ്മാരകപ്രഭാഷണം സൂമിലൂടെ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

എങ്ങനെ എഴുത്തുകാരനായി എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ. വായനകൊണ്ടുമാത്രം എഴുത്തുകാരനായവനാണ് ഞാൻ. അതിനുള്ള പ്രേരണ അപ്പനും അമ്മയും നൽകിയിരുന്നു. അപ്പൻ കൃഷിക്കാരനായിരുന്നു. അദ്ദേഹം ഒരു പക്ഷിവായനക്കാരനായിരുന്നു. ഇന്ദുചൂഡന്റെ കേരളത്തിലെ പക്ഷികൾ അങ്ങനെയാണ് ഞാൻ വായിക്കുന്നത്. എന്റെ ഭാഷ രൂപപ്പെടുത്തിയത് ആ കൃതിയാണ്. നൃത്തം ചെയ്യുന്ന ഭാഷയാണ് അതിലുള്ളത്. ഓരോ പക്ഷിയ്ക്കും മനുഷ്യനെപ്പോലെ വ്യക്തിത്വമുണ്ടെന്ന് അതെന്നെ പഠിപ്പിച്ചു.

ഇന്നതാകണമെന്നുള്ള ഒരു കാലത്തിലൂടെ വളർന്നുവന്നവരല്ല ഞങ്ങളെപ്പോലെയുള്ളവർ. പാഠപുസ്തകം വായിക്കാതെ തന്നെ നോവലും കഥയുമൊക്കെ വായിക്കാൻ അപ്പനും അമ്മയും സമ്മതിച്ചിരുന്നു. അതു കാലം വേറെയായിരുന്നു.

ലക്ഷ്യം വച്ചുള്ള ഒരു പഠനരീതിയായിരുന്നില്ല അന്നുണ്ടായിരുന്നത്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞാൽ ഉപജീവനാർത്ഥം ഒരു പ്രത്യേക പഠനപദ്ധതിയിലൂടെ വേറൊരു ലോകത്തിലേക്ക് വിദ്യാർത്ഥികൾ പ്രവേശിക്കുന്നു. ആ ലോകത്തിൽ അവർ വിദഗ്ദ്ധരും സമർത്ഥരുമാണ്. ഉരുണ്ട ഭൂമിയുടെ ഏതു കോണിൽ ചെന്നാലും അവർ ജീവിതോപാധി കണ്ടെത്തും. പക്ഷെ, ഇന്നു കണ്ടുവരുന്ന മതഭ്രാന്തിന്റെയും ജാതിഭ്രാന്തിന്റെയും വംശവെറിയുടെയും സപ്പോർട്ടേഴ്സായി ഇവരിൽ ചിലർ മാറുന്നു. വിദേശത്തെ സംസ്കാരസമ്പന്നമായ സാഹചര്യത്തിൽ ജീവിച്ചുകൊണ്ടാണ് ഇവർ ഒളിച്ചുവെച്ചിരുന്ന വിഷം കഴിഞ്ഞ നാലഞ്ചുവർഷമായി സോഷ്യൽ മീഡിയയിൽ കൂടി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അവർ പഠിച്ചതല്ലാതെ മറ്റൊന്നും മനസ്സിലാക്കുവാനുള്ള ചരിത്രബോധമോ വിശാലമായ ലോകബോധമോ ഇവർക്കില്ല. അവർക്ക് ലഭിച്ച വിദ്യാഭ്യാസത്തിന്റെ കുഴപ്പമാണത്. നല്ല വായനയുടെ അഭാവമാണ് ഇതിനു കാരണമെന്നു ഞാൻ പറയും. അവസാന വിശകലനത്തിൽ വായനയാണ് രക്ഷകൻ. പുസ്തകം വായിക്കണമെന്നില്ല, നെറ്റ് വായനയുമാകാം. പക്ഷെ ശ്രദ്ധാപൂർവ്വമായിരിക്കണമെന്നുമാത്രം. വായനയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കാൻ കഴിയണം.



പൊറ്റെക്കാട്ടിന്റെ കൃതികൾ പിതാവിൽ നിന്നുമാണ് ഞാൻ വായിച്ചുതുടങ്ങിയത്. അതെന്നിൽ സഞ്ചരിക്കാനുള്ള പ്രേരണ നൽകി. ജ്യേഷ്ഠനിൽ നിന്നുമാണ് ഇംഗ്ലീഷ് പുസ്തകത്തിലേക്ക് പ്രവേശിക്കുന്നത്. മൈസൂരിൽ പഠിച്ചു വരുന്ന അദ്ദേഹത്തിന്റെ പെട്ടിയ്ക്ക് ഒരു പ്രത്യേക ഗന്ധമുണ്ടായിരുന്നു. അതെന്നിൽ സഞ്ചരിക്കാനുള്ള ആഗ്രഹം സൃഷ്ടിച്ചു. യാത്രയെക്കുറിച്ചുള്ള എന്റെ സ്വപ്നങ്ങളത്രയും ചേർത്തുവെച്ചു ഞാനൊരു കഥയെഴുതി. പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ എന്നാണ് ആ കഥയുടെ പേര്. നാല്പത്തിരണ്ടാം വയസ്സിലാണ് ഞാൻ എന്റെ ആദ്യത്തെ സഞ്ചാരം ആരംഭിക്കുന്നത്. സ്കാന്റിനേവിയൻ രാജ്യമായ ഓസ്ലോയിലേക്കുള്ളതായിരുന്നു ആ യാത്ര. എഴുത്തുകാരനായ എനിക്കു ലഭിച്ച അംഗീകാരമായിരുന്നു അത്. ഏതാണ്ട് അമ്പത്തിയഞ്ച് രാജ്യങ്ങളിലൂടെ സഞ്ചരിക്കാൻ എനിക്കു കഴിഞ്ഞു. ഞാൻ കണ്ടതും കേട്ടതും മാത്രമല്ല ഈ ലോകം എന്ന തിരിച്ചറിവ് അതെനിക്കു നൽകുന്നു. മടിപ്പിച്ച മനസ്സിനെയും ബുദ്ധിയെയും തുറന്നുവയ്ക്കാൻ യാത്ര സഹായിക്കുന്നു. അതിലേക്കുള്ള സഞ്ചാരമായിരുന്നു എനിക്ക് വായന- സക്കറിയ പറഞ്ഞു.

കോളജ് പ്രിൻസിപ്പൽ ഡോ.ജേക്കബ് ചാണ്ടി അധ്യക്ഷത വഹിച്ചു. പന്തളം എൻ.എസ്.എസ്. കോളജ് മുൻ പ്രിൻസിപ്പൽ ഡോ.കെ.എൻ.വിശ്വനാഥൻ റവ.ജോർജ് മാത്തൻ അനുസ്മരണപ്രഭാഷണം നടത്തി. മലയാള വിഭാഗം അധ്യക്ഷ സജിനി ഡീനാ മാത്യു സ്വാഗതവും പ്രൊഫ. കെ.രേഖ നന്ദിയും പറഞ്ഞു.

# അശ്വാരൂഢന്റെ വരവ്




ഓർമ്മപ്പെടുത്തിയെങ്കിലും അയാൾ അത് കേട്ടതായി ഭാവിച്ചില്ല.

സൗന്ദര്യാസ്വാദനത്തിൽ അലക്സാണ്ടർ മുന്നിലായിരുന്നു. നോവലിനെ കാല്പനിക സുന്ദരമാക്കാൻ ഈ രാജചരിത്രത്തിലെ രതിരാഗങ്ങൾ ഇണചേർക്കാൻ പെരുമ്പടവം ഒട്ടും അമാന്തിച്ചില്ല. തന്റെ കാവ്യാത്മകഗദ്യം ഏറെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ശില്പസൗന്ദര്യം നിറഞ്ഞുനില്ക്കുന്ന ഈ പുസ്തകം വായിക്കേണ്ടതുതന്നെ.

“ഭൂമിയിലെ ഒരു പൂവിനും ഇത്ര **ഉന്മാദ**കരമായ സുഗന്ധമില്ല.” ഭാര്യയുടെ സൗന്ദര്യത്തെ രാജാവ് പ്രശംസിക്കുന്ന വാക്കുകളാണ്. ഒരു വിശാല ഹൃദയനായ സൗന്ദര്യാസ്വാദകനാണ് അലക്സാണ്ടർ ചക്രവർത്തി.

ബാല്യം ഏകാന്തവും വിഷാദാത്മകവുമാക്കിയത്, കുടുംബ ജീവിതമാണ്. അച്ഛനും അമ്മയും അതിനു കാരണക്കാരും. മകനെ ഊർജ്ജസ്വലനാക്കാൻ വിശ്വസുന്ദരിയും മദാലസനർത്തകിയുമായ ‘കലിക് സേന’യെ അമ്മ തന്നെ ഒരിക്കൽ ഏർപ്പാടു ചെയ്തു. ആദ്യം വഴങ്ങിയില്ല. വെറുപ്പ് കാണിച്ചുമാറി നിന്നു. ശരീര നഗ്നസൗന്ദര്യ പ്രദർശനമായപ്പോൾ ആ യുവകോമളന്റെ മനസ്സൊന്നിളകി.

“ഉറക്കം തൂങ്ങിയ മരം പൂത്തതുപോലെ ആയിത്തീർന്നു.” കാലം ഏറെ കഴിഞ്ഞെങ്കിലും ആ അനുഭവം ഓർമ്മയിൽ എത്തിച്ചേർന്നിരുന്നു.

രാജാവിന്റെ അവശതയിൽ കലിക്സേന എന്ന നർത്തകി കാണാൻ വന്നിരിക്കുന്നു.

മധുരസ്മരണകൾ ഒരു തുറന്ന പുസ്തകംപോലെ ഭാര്യ റോക്സാനക്കു മുന്നിൽ അവതരിപ്പിച്ചശേഷം കലിക്സേന എന്ന നർത്തകിയെ സർവ്വാദരവോടെ യാത്രയാക്കാൻ ചക്രവർത്തി തയ്യാറാവുന്നു. ലാവണ്യം നഷ്ടപ്പെട്ട് വൃദ്ധസമാനയായ അവർക്ക് വിലപിടിപ്പുള്ള സമ്മാനം നൽകി രാജസമാന രഥത്തിൽ അവരെ തിരിച്ചയയ്ക്കാൻ ഏർപ്പാടാക്കി. പരസ്ത്രീസമാഗമകഥയായതിനാൽ ഭാര്യയുടെ മുറുമുറുപ്പുകൾ ഈ അവസ്ഥയിലും വകവെയ്ക്കാതെ യുവത്വത്തിൽ ശരീരം കൊണ്ടും സൗന്ദര്യം കൊണ്ടും തന്നെ അനുഭവിപ്പിച്ച നർത്തകിയോടുപോലും അതിവിശാലത ആ ചക്രവർത്തി കാട്ടി.

അലക്സാണ്ടറുടെ രാജ്യതന്ത്രജ്ഞത വെളിവാക്കുന്ന ഒട്ടേറെ സംഭവങ്ങൾ നോവലിൽ ഇടംപിടിച്ചു. ഭാരതത്തിൽ നിന്നും മടങ്ങുമ്പോൾ സേന ക്ഷീണിതരായിരുന്നു. ചക്രവർത്തിയുടെ സൈന്യവും ഇവിടുന്നു കിട്ടിയ അനുഭവംകൊണ്ട് പരിക്ഷീണരായി. കൊല ചെയ്തുമടുത്ത സേനാനായകന്മാർ പരസ്പരം കലഹിച്ചു തുടങ്ങി. രാജാവ് രോഗശയ്യലിലും.

രാജ്യം സൈന്യാധിപന്മാർക്ക് വീതിച്ചു നൽകാൻ അലക്സാണ്ടർ ആലോചിച്ചു.

“ഏഴു മാസത്തിനുശേഷം ജനിക്കുന്ന മകന് പിന്നെ ഏതു രാജ്യം”. റോക്സാനയുടെ ആശങ്ക വകവെയ്ക്കാതെ ചക്രവർത്തി സൈന്യാധിപന്മാരെ വിളിച്ച് തീരുമാനം അറിയിച്ചു.

ഈ രംഗങ്ങൾ ദുഃഖസാന്ദ്രമാക്കാൻ നോവലിസ്റ്റ് തന്റെ കരവിരുതുകൾ ഏറെ ഉപയോഗിച്ചു.

“ആ നിമിഷങ്ങൾ കൊട്ടാരത്തെ സ്തംഭിപ്പിച്ചു. അവിടം നിശബ്ദത ഒരു കൂടാരംപോലെ കാണപ്പെട്ടു. മുകളിൽ ഇരുണ്ട ആകാശം കുറെക്കൂടി ഇരുണ്ടു.”

നോവലിന്റെ അവസാനഘട്ടത്തിൽ ഓർമ്മയുടെ കറുത്ത ഇതളുകൾ വിരിയിച്ച് നിശബ്ദതയുടെ തളം കെട്ടി ഒരു കറുത്ത പൂന്തോപ്പ് വളർത്തിയെടുക്കാൻ നോവലിസ്റ്റിനു കഴിഞ്ഞു.

അസ്ഥിപഞ്ജരങ്ങളുടെ ഘോഷയാത്ര; മരണത്തിന്റെ തണുപ്പ് ചുറ്റും പരത്തി യുദ്ധഭീകരതകൾ കോറിയിടപ്പെട്ടു. പിന്നണിയിൽ ഇരുട്ടിന്റെ വിലാപങ്ങൾ ശവസമാന ശരീരഞരക്കങ്ങൾ. വായനക്കാരനുള്ളിൽ യുദ്ധഭീകരതകൾ ദുരന്തക്കാഴ്ചകളായി.

അവസാന അദ്ധ്യായം ഇത്രയും പറയാൻ നീക്കിവച്ചു. അത് ഈ നോവലിന്റെ ദൗത്യമായി മുഴങ്ങുന്നു.

“യുദ്ധം മനുഷ്യവർഗ്ഗത്തിന് നേരെയുള്ള കുറ്റമാണ്, പാപമാണ്.”

“അധികാരം ദുരന്തമാണ്.”

“രാജാവിനുള്ള അവസാനത്തെ കല്പനയുമായി അശ്വാരൂഢന്റെ വരവിനായി ചക്രവർത്തി കാത്തിരുന്നു.”

ഈ നോവൽ തുടങ്ങുന്നത് അശ്വത്തിന്റെ കുളമ്പടി നാദവുമായാണ്. അതു താളാത്മകമായി സംഗീതാസ്വാദകമായി ആയിരുന്നെങ്കിൽ, ഒടുക്കം കറുത്ത അശ്വത്തിന്റെ വരവിനെ പ്രതീക്ഷിച്ചാണ് അതു ദുഃഖമയവും, നിശബ്ദവും, വിഷാദാത്മക മുഹൂർത്തങ്ങളുമാണ്. യുദ്ധം ആരംഭിക്കുന്നത് കോലാഹലസമാനമാണ്. അവസാനിക്കുന്നത് ശവപ്പറമ്പിന്റെ ശോകമൂകതയിലുമാണ്. എല്ലാ യുദ്ധങ്ങളും അങ്ങനെതന്നെയാണ്. മരണത്തിന്റെ കാറ്റ് വിതച്ച എത്രയെത്ര യുദ്ധഭൂമികൾ നമ്മൾ കണ്ടു.

എല്ലാ യുദ്ധവെറിയന്മാരിലുമുള്ള ചില സദ്ഗുണങ്ങൾ അലക്സാണ്ടറിലും കാണാം. മനുഷ്യകുലത്തെ യുദ്ധത്തിന്റെ ആപത്തിൽ നിന്നും രക്ഷിക്കാനുള്ള ആശയം ഈ നോവലിൽ നിലനില്ക്കുന്നു എന്ന് വേണമെങ്കിൽ പറയാം. അതിനു മുകളിലാകാശമായി അലക്സാണ്ടർ ചക്രവർത്തിയുടെ ഹൃദയവിശാലത ഉയർന്നു നില്ക്കുന്നു എന്ന് വായനക്കാർ സംശയിച്ചാൽ തെറ്റു പറയാനാകില്ല.

അലക്സാണ്ടർ മഹാനായത് ഒരു അസ്വാദകൻ എന്ന നിലയിൽ ഇങ്ങനെ വിലയിരുത്തുന്നു.

കീഴടക്കിയ രാജ്യങ്ങൾ കൊള്ളയടിക്കാത്ത പടയോട്ടക്കാരനാണ് അലക്സാണ്ടർ. കീഴടക്കിയ രാജ്യങ്ങളിലെ ജനങ്ങളെ യുദ്ധാനന്തരം പീഡിപ്പിച്ചില്ല. പ്രത്യേകിച്ചും സ്ത്രീകളെ.

യുദ്ധത്തെ യുദ്ധമായി കണ്ടു. കീഴടക്കിയ രാജ്യത്തെയും ജനങ്ങളെയും സ്വന്തം പ്രജകളായി കണ്ടു. യുദ്ധത്തിൽ ഒരു വിട്ടുവീഴ്ചയും കാണിക്കാത്തപ്പോഴും ഹൃദയ വായ്പ് കാണിച്ചു. ചരിത്രത്തിൽ മറ്റു യുദ്ധവെറിയന്മാരുമായി അലക്സാണ്ടറിനെ വിലയിരുത്തുമ്പോൾ അദ്ദേഹം ഏറെ മഹാനാണ്, ദ് ഗ്രേറ്റ്.

# ഏ.ആർ.രാജരാജവർമ്മ മലയാളത്തിന്റെ തമ്പുരാൻ

എന്താണിത്ര അപകടമെന്നു മനസ്സിലാകുന്നില്ല. നമ്മൾ വ്യവഹാരത്തിനുപയോഗിച്ചിരുന്ന നല്ല മലയാളമത്രയും കളഞ്ഞിട്ടാണ് ഇപ്പോൾ ഇംഗ്ലീഷും സംസ്കൃതവും ഉപയോഗിക്കുന്നത്. കടംകൊണ്ട വാക്കുകളാൽ മലയാള ഭാഷ വീർപ്പുമുട്ടുകയാണ്. ഇരിപ്പു മുതൽ വർദ്ധിപ്പിക്കുന്നതിന് നമുക്കു കഴിയുന്നില്ല. അതാണ് മലയാളത്തിന്റെ ഏറ്റവും വലിയ ശാപം. നമുക്കൊരു പുതിയ വാക്കുവേണ്ടിവരുമ്പോൾ ഇംഗ്ലീഷിൽ നിന്നുമെടുക്കും. മുമ്പത് സംസ്കൃതത്തിൽ നിന്നുമായിരുന്നു. കടം വാങ്ങുന്നവൻ മുടിഞ്ഞുപോകുകയേയുള്ളു. ഉള്ള മുതൽ സംരക്ഷിക്കുക, ഉള്ളതുകൊണ്ട് കൂടുതൽ സൃഷ്ടിക്കുക, ആ വിദ്യ നമുക്ക് അന്യമായിപ്പോയി. തമിഴന്റെ ഭാഷാപ്രയോഗങ്ങളെ നാം കണ്ടു പഠിക്കേണ്ടിയിരിക്കുന്നു.

കാലൻകുടയുമായി നടന്നാൽ പുച്ഛത്തോടെയാണ് നോക്കുക. പാന്റിടുന്നവന് മുണ്ടുടുക്കുന്നവൻ അപരിഷ്കൃതനാണ്. മുണ്ടുടുത്തു നടക്കുന്നവൻ തോർത്തുടുക്കുന്നവനെ കളിയാക്കും. തോർത്തുടുത്തു നടക്കുന്നവന് കോണകധാരി ഓണംകേറാമൂലക്കാരൻ. സംസ്കൃതക്കാരന് മലയാളം മ്ലേച്ഛഭാഷ. ഇംഗ്ലീഷ് പേശുന്നവന് മലയാളം അപരിഷ്കൃതം. വടക്കേ ഇന്ത്യക്കാരന് തെക്കരെല്ലാം മദ്രാസികൾ. പട്ടണവാസിക്ക് ഗ്രാമീണനൻ മലമൂടൻ. ഭാഷാവ്യവഹാരങ്ങളിലെ ഈ ഉത്കൃഷ്ടാപകൃഷ്ട നാട്യങ്ങൾക്ക് ഇപ്പോഴും കുറവില്ല. തൊൽക്കാപ്പിയത്തിലെ നിയമങ്ങൾ നാല്പതു ശതമാനവും ഇന്നത്തെ മലയാളഭാഷയ്ക്കേ യോജിക്കുകയുള്ളു. ഈ വസ്തുതകളൊക്കെ കാണാതെ പോയതാണ് മലയാളത്തിന്റെ ദൗർഭാഗ്യം. ഭാഷയും സാഹിത്യവും മുൻവിധകളില്ലാതെ പഠിച്ചകുറേ പണ്ഡിതന്മാർ മലയാളത്തിന്റെ യഥാർത്ഥസ്ഥിതി രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അവയിൽ നിന്ന് ആവശ്യമുള്ളത് സ്വീകരിച്ച് അവതരിപ്പിക്കുക എന്നുള്ള ദൗത്യമായിരുന്നു ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഞാൻ ഏറ്റെടുത്ത ചുമതല. ആരുവായിച്ചാലും ശരിയെന്നു തോന്നും വിധത്തിൽ വസ്തുതകൾ അവതരിപ്പിക്കാൻ കഴിഞ്ഞെന്നത് ഒരു വലിയ നേട്ടമായിട്ട് ഞാൻ കരുതുന്നു.


- ശിഷ്യന്മാരോട് കൈമണിയും ചേങ്ങിലയും മദ്ദളവും മറ്റും അടുത്ത
- ദിവസം ക്ലാസിൽ കൊണ്ടുവരാൻ പറഞ്ഞു. നളചരിതമാണ്
- പഠിപ്പിക്കേണ്ടുന്ന വിഷയം. നളചരിതത്തിലെ പല്ലവി പാടിയപ്പോൾ
- പടപടായെന്നു ശബ്ദവുമായി. ആദ്യശ്ലോകം തന്നെ അരമണിക്കൂർ
- നീട്ടി. രംഗം കൊഴുത്തു. ശബ്ദം കേട്ട് പ്രിൻസിപ്പൽ സായിപ്പ് വന്നു.
- ചോദിച്ചപ്പോൾ ഇത് പ്രാക്ടിക്കൽ ആണെന്നു പറഞ്ഞു.
- സായിപ്പിന് മറുപടിയുണ്ടായില്ല.


നമ്മുടെ ഭാഷയ്ക്ക് ശ്രേഷ്ഠത കൈവന്നിരിക്കുകയാണ്. റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം നാലു വോള്യവും എയർ ബാഗിൽ നിറച്ചുകൊണ്ട് യൂണിവേഴ്സിറ്റി കോളജിലേക്കുപോയി. അവധി ദിവസമാണ്. കുട്ടികളില്ല. എയർബാഗ് തോളിലുണ്ട്. ഞാൻ തമ്പുരാന്റെ പ്രതിമയുടെ മുമ്പിൽ നിന്നു. കുഴപ്പമൊന്നുമില്ല എന്നു പറയുന്നതായിട്ട് എനിക്കനുഭവപ്പെട്ടു. മുഖഭാവം അങ്ങനെയാണ് തോന്നിപ്പിച്ചത്.

ഒരു നാട്ടുകാരൻ ആദ്യമായി പ്രിൻസിപ്പലായ ചരിത്രം തിരുവിതാംകൂറിന് അവകാശപ്പെട്ടതാണ്. ഭയാശങ്കകളോടെയാണ് ഏ.ആർ. പ്രിൻസിപ്പലായി ചുമതലയേറ്റതെന്ന് ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രിൻസിപ്പലിന്റെ മുറിയിലേക്ക് ബന്ധുക്കൾ സംരക്ഷണാർത്ഥം നോക്കുമ്പോൾ കുഴപ്പമൊന്നുമില്ലെന്നു മുഖഭാവത്തിലൂടെ അദ്ദേഹം പ്രകടിപ്പിക്കുമായിരുന്നുവത്രേ. ആ തോന്നലാണ് എനിക്കുമുണ്ടായത്. പ്രതിമയ്ക്ക് മൂന്നു പ്രാവശ്യം വലം വെച്ചിട്ടാണ് സെക്രട്ടറിയേറ്റിന്റെ പടികൾ ഞാൻ കയറിയത്.

ഏ.ആർ.രാജരാജവർമ്മയെപ്പോലെ ഒരു മഹാപുരുഷൻ നമ്മുടെ രാജ്യത്തു ജീവിച്ചിരുന്നുവെന്നുള്ളത് മലയാളത്തിന്റെ ഭാഗ്യമാണ്. നാട്ടുഭാഷാ സൂപ്രണ്ടായിട്ട് ഏ.ആർ. ജോലി നോക്കിയിരുന്ന കാലഘട്ടത്തിൽ മലയാളം പത്താം ക്ലാസുവരെ മാത്രമേ പഠിപ്പിച്ചിരുന്നുള്ളു. കോളേജുക്ലാസുളിൽ മലയാളം നിർബന്ധ വിഷയമായിരുന്നില്ല. രണ്ടാം ഭാഷയായിട്ട് മലയാളം ഡിഗ്രിക്ലാസുകളിൽ പഠിപ്പിക്കണമെന്നു പറയുമ്പോൾ അന്നത്തെ പ്രിൻസിപ്പലായിരുന്ന മിച്ചൽ സായിപ്പ് ആക്ഷേപിച്ചു സംസാരിക്കുമായിരുന്നു. സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിലെ സായിപ്പന്മാരുടെ മനോഭാവം എന്തായിരുന്നുവെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. മലയാളത്തിനുവേണ്ടി വാദിക്കുമ്പോഴൊക്കെ പ്രിൻസിപ്പൽ ധ്വരയും അദ്ദേഹത്തിന്റെ അനുചരന്മാരായ നാട്ടുപണ്ഡിതന്മാരുമൊക്കെ തമ്പുരാനെ അധിക്ഷേപിക്കുമായിരുന്നുവെന്നാണ് കേട്ടിട്ടുള്ളത്.

നാട്ടുഭാഷാ സൂപ്രണ്ടായി ചാർജ് എടുക്കാൻ ചെന്ന തമ്പുരാന് ഇരിക്കാൻ സ്റ്റൂൾ അനുവദിച്ചത് ലൈബ്രറിയുടെ ഒരു മൂലയ്ക്കാണ്. തമ്പുരാൻ സ്റ്റൂളിൽ ഇരുന്നില്ല. അവിടെ നിന്നു. തമ്പുരാൻ ഇരുന്നിട്ടില്ലായെന്ന് പ്യൂൺ ചെന്ന് പ്രിൻസിപ്പലിനോട് പറഞ്ഞു. മാന്യമായ ഇരിപ്പിടം നൽകിയില്ലെങ്കിൽ തിരിച്ചുപോകുമെന്ന് തമ്പുരാൻ സായിപ്പിനോട് പറഞ്ഞു. ഒടുവിൽ പ്രിൻസിപ്പൽ കസേര നല്കിയതിനുശേഷമാണ് അദ്ദേഹം ഇരുന്നത്. അന്ന് ഇംഗ്ലീഷും സയൻസ് വിഷയങ്ങളും പഠിപ്പിക്കുന്നവർക്കുമാത്രമാണ് ശമ്പളം നൂറുരൂപ. മലയാളം പഠിപ്പിക്കുന്നവർക്ക് ശമ്പളം പത്തുരൂപ. രണ്ടുപേരും ചെയ്യുന്നത് ഒരേ കൃത്യമാണ്. 1956 വരെയും ഇതായിരുന്നു സ്ഥിതി. രാജരാജവർമ്മയ്ക്കു മുമ്പ് ഇതിനെതിരെ പ്രതികരിച്ച ഒരാളേയുണ്ടായിരുന്നുള്ളു. അത് സാക്ഷാൽ മുൻഷി രാമക്കുറുപ്പാണ്.

മലയാളം അദ്ധ്യാപകനിരിക്കാൻ മുറിയില്ല. മൂന്നരയ്ക്കുശേഷമുള്ള ഒഴിവുസമയത്തുവേണം മലയാളം പഠിപ്പിക്കാൻ. ഇപ്പോൾ ഒന്നാം ഭാഷയാക്കിയപ്പോഴുമുണ്ടായ പ്രശ്നവും ഇതു തന്നെയാണല്ലോ. കെമ സ്ട്രി ലാബിന് അടുത്തുള്ള ഒരു മുറിയാണ് മലയാളത്തിനു ക്ലാസ്സെടുക്കാൻ മുൻഷി രാമക്കുറുപ്പിന് കിട്ടിയിരുന്നത്. ലാബിൽ നിന്നു ബഹിർഗമിക്കുന്ന ദുർ ഗന്ധം മൂലം പലപ്പോഴും ക്ലാസെടുക്കുവാൻ കഴിഞ്ഞില്ല. പരാതിപ്പെട്ടപ്പോൾ പരീക്ഷണം പഠനത്തിന്റെ ഭാഗമാണെന്നായിരുന്നു മറുപടി. രാമക്കുറുപ്പും വിട്ടില്ല. ശിഷ്യന്മാരോട് കൈമണിയും ചേങ്ങിലയും മദ്ദളവും മറ്റും അടുത്തദിവസം ക്ലാസിൽ കൊണ്ടുവരാൻ പറഞ്ഞു. നളചരിതമാണ് പഠിപ്പിക്കേണ്ടുന്ന വിഷയം. നളചരിതത്തിലെ പല്ലവി പാടിയപ്പോൾ പടപടായെന്നു ശബ്ദവുമായി. ആദ്യശ്ലോകം തന്നെ അരമണിക്കൂർ നീട്ടി. രംഗം കൊഴുത്തു. ശബ്ദം കേട്ട് പ്രിൻസിപ്പൽ സായിപ്പ് വന്നു. ചോദിച്ചപ്പോൾ ഇത് പ്രാക്ടിക്കൽ ആണെന്നു പറഞ്ഞു. സായിപ്പിന് മറുപടിയുണ്ടായില്ല. അങ്ങനെ പ്രതികരിച്ച ഒരു രാമക്കുറുപ്പിന് ശേഷം ഭാഷാ അവഗണനയ്ക്കെതിരെ പ്രതികരിച്ച മറ്റൊരു ഭാഷാസ്നേഹി ഏ.ആർ. രാജരാജവർമ്മയായിരുന്നു.

രാജരാജവർമ്മയെ അവഗണിക്കാൻ ഒക്കാതെ വന്നപ്പോൾ മദ്രാസ് യൂണിവേഴ്സിറ്റി അധികാരികൾ ചോദിച്ചു: വാട്ട് ഈസ്, ദെയർ ഇൻ ഏസ്തെറ്റിക്സ് ആന്റ് മലയാളം ഫോർ ലേണിംഗ് ആന്റ് ടീച്ചിംഗ്. എനി അതോറിട്ടേറ്റീവ് വർക്ക് ഇൻ ഗ്രാമർ? ആ ഒരു ചോദ്യമാണ് തമ്പുരാനെക്കൊണ്ട് ശാസ്ത്രഗ്രന്ഥങ്ങൾ എഴുതിച്ചത്. 1896ൽ കേരളപാണിനീയം പ്രസിദ്ധീകരിച്ചു. പിന്നീട് ഗ്രന്ഥങ്ങളുടെ ഒരു വലിയ പുറപ്പാടായിരുന്നു. വൃത്തമഞ്ജരിയും ഭാഷാഭൂഷണവും പദ്യസാഹിത്യത്തിനുവേണ്ടി എഴുതി. ഗദ്യസാഹിത്യവും അന്നേക്ക് പ്രബലപ്പെട്ടുവരികയാണ്. ഗദ്യത്തെ സംബന്ധിച്ചും ലക്ഷണഗ്രന്ഥമുണ്ടാകണമെന്നുള്ള ആവശ്യമുണ്ടായി. 1912ൽ സാഹിത്യസാഹ്യം എഴുതി. ഇതെല്ലാം തന്നെ ഹൈസ്ക്കൂൾ കോളജ് ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിനുള്ള ആധികാരികഗ്രന്ഥങ്ങളായിട്ടാണെഴുതിയത്. ക്ലാസ്സിൽ കൊടുത്ത നോട്ടുകളാണ് പിന്നീട് പുസ്തകമായിട്ട് മാറിയത്. ഏ.ആർ. ജീവിച്ചിരുന്ന കാലഘട്ടത്തിൽ പരിഷ്കരിക്കാൻ ഭാഗ്യമുണ്ടായത് കേരളപാണിനീയത്തിനു മാത്രമാണ്. 1896 ലെഴുതിയ കേരളപാണിനീയം ഇരുപതു വർഷം കഴിഞ്ഞ് 1916–17 കാലഘട്ടത്തിൽ നാം ഇന്നുകാണുന്ന കേരളപാണിനീയമായിട്ട് വിപുലീകരിക്കപ്പെട്ടു. ഇരുപതു വർഷക്കാലത്തെ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടേയും ഫലമായിട്ടുണ്ടായ കേരളപാണിനീയം മലയാളത്തിലെ ക്ലാസിക്കാണ്. കേരളപാണിനീയത്തിന്റെ മഹത്വം എന്നു പറയുന്നത് ഇന്ത്യയിലെ ഒരു ഭാഷയിലും ഇത്ര ശാസ്ത്രീയമായ ഒരു വ്യാകരണകൃതി അക്കാലത്തിനുമുമ്പ് ഉണ്ടായിട്ടില്ലായെന്നുള്ളതാണ്.

ഏ.ആർ ആദ്യം പഠിച്ചത് സം സ്കൃതമാണ്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സഹായത്തോടെ ഇംഗ്ളീഷ് ഭാഷ പഠിച്ചു. സ്വന്തം നിലയ്ക്ക് തമിഴ് ഭാഷയും തെലുങ്കുഭാഷയും കന്നഡ ഭാ ഷയും പഠിച്ചു. ഇത്രത്തോളം ബ ഹുഭാഷാപാണ്ഡിത്യം ഉള്ള ഒരാൾ അക്കാലത്ത് തെക്കേയിന്ത്യയിൽ ഉണ്ടായിരുന്നില്ല. പതിനെട്ടാം നൂറ്റാണ്ടുമുതൽ യൂറോപ്പിൽ ഉണ്ടായിട്ടുള്ള ഭാഷാശാസ്ത്രഗ്രന്ഥങ്ങളിലെ ഭാഷാ അപഗ്രഥനരീതികൾ തമ്പുരാൻ മനസ്സിലാക്കിയിട്ടാണ് കേരളപാണിനീയം രചിച്ചത്. 97 വർഷം കഴിഞ്ഞിട്ടും ഇന്ത്യയിലെ മറ്റൊരു ഭാഷയിലും കേരളപാണിനീയത്തെപ്പോലെ ഒരു ഹിസ്റ്റോറിക്കൽ ഗ്രാമർ, ഒരാഗമിക വ്യാകരണ ഗ്രന്ഥം ഉണ്ടായിട്ടില്ല. ചില വൈകല്യങ്ങൾ ഉണ്ടെന്നു പറയുവാനല്ലാതെ കേരളപാണിനീയത്തെ അധഃകരിക്കുന്ന ഒരു വ്യാകരണഗ്രന്ഥം എഴുതുവാൻ ആരാലും ഇതുവരെ കഴിഞ്ഞിട്ടില്ല. മറ്റൊരു തമ്പുരാൻ ഇതിനുവേണ്ടി ശ്രമിച്ചു. ഡോ.കെ.ഗോദവർമ്മ. പക്ഷേ, അദ്ദേഹത്തിന് അതു പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. അകാലമൃത്യുവിന് വശംഗതനായിരുന്നില്ലെങ്കിൽ ഒരു പക്ഷേ കേരളപാണിനീയം പോലെ അതി മഹത്തായ ഒരു സൃഷ്ടി ആ തമ്പുരാനും രചിക്കുവാൻ കഴിയുമായിരുന്നു. അതിന്റെ ഒരു ആമുഖഭാഗം മാത്രമാണ് നമുക്കു കിട്ടിയിട്ടുള്ളത്. കേരളഭാഷാവിജ്ഞാനീയം. ഈ രണ്ടു തമ്പുരാക്കന്മാർ മലയാളഭാഷയ്ക്കു ചെയ്തിട്ടുള്ള സേവനം മലയാളം ഐച്ഛികമായി പഠിച്ചിട്ടുള്ളവർപോലും ശരിക്ക് അറിഞ്ഞിട്ടില്ല.

ഏ.ആർ. എഴുതിയ ഇരുപത്തിയൊന്നുശ്ലോകങ്ങളുള്ള മലയവിലാസമാണ് മലയാളത്തിൽ റൊമാന്റിസം എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഉദയത്തിൽ നമ്മൾ കാണുന്ന ആദ്യ നക്ഷത്രം. പിന്നീടാണ് കുമാരനാശാനും വി. സി. ബാലകൃഷ്ണപ്പണിക്കരുമൊക്കെ വരുന്നത്. തമ്പുരാനാണ് തുടങ്ങിവച്ചത്. തമ്പുരാൻ ആദ്യമായി പരിഭാഷപ്പെടുത്തിയത് മേഘദൂതമാണ്. കാളിദാസന്റെ മിക്കവാറും എല്ലാ കൃതികളും അദ്ദേഹം പരിഭാഷപ്പെടുത്തി. മലയാള പദ്യസാഹിത്യത്തിന് ഏറ്റവും സ്വീകാര്യമായിട്ടുള്ളത് വൈദർഭി രീതിയാണ്. അതു സ്ഥാപിക്കുന്നതിനുവേണ്ടിയാണ് കാളിദാസന്റെ കൃതികൾ തെരഞ്ഞെടുത്ത് അദ്ദേഹം തർജ്ജമ ചെയ്തത്. വിക്രമോർവ്വശീയവും ശാകുന്തളവും അവസാനം 1918 ൽ സ്വപ്നവാസവദത്തവും. സന്നിപാതജ്വരം ബാധിച്ച് അവശനായി കിടക്കുന്ന സന്ദർഭത്തിലാണ് സ്വപ്നവാസവദത്തത്തിലെ അവസാനത്തെ ശ്ലോകം അദ്ദേഹം പറഞ്ഞുകൊടുത്തത്. ഒരു സ്വതന്ത്ര നാടകരചനയുടെ അലകുംപിടിയും അദ്ദേഹം തയ്യാറാക്കിയിരുന്നു. വിധി അദ്ദേഹത്തെ അതിനനുവദിച്ചില്ല. അനുവദിച്ചിരുന്നുവെങ്കിൽ മഹാദ്ഭുതങ്ങൾതന്നെ സംഭവിക്കുമായിരുന്നു. അത്രമേൽ മലയാള ഭാഷയെ നവീകരിക്കുവാനും ഭാഷയ്ക്ക് ആത്മബലം കൊടുക്കുവാനും ഏ. ആറിന്റെ ഭാഷാ സേവനങ്ങൾക്കു കഴിഞ്ഞു.

നമ്മുടെ പദദാരിദ്ര്യം കുറയ്ക്കുന്നതിനുവേണ്ടി അദ്ദേഹം അവസാന നാളുകളിൽ ഏറ്റെടുത്ത ദൗത്യമായിരുന്നു ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്നറിയിലെ സർവ്വപദങ്ങളും മലയാളീകരിക്കുക എന്നത്. ഹോസ്പിറ്റൽ എന്നതിന് ആശുപത്രി എന്നവാക്ക് കേരളവർമ്മ വലിയ കോയിത്തമ്പുരാനിലൂടെയാണ് പ്രഖ്യാതമായതെങ്കിലും അങ്ങനെയാകാമോ എന്നു ചോദിച്ചത് രാജരാജവർമ്മയാണ്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ഉപയോഗിച്ച വാക്കുകൾ മിക്കവാറും പത്രപ്രവർത്തനരംഗത്തു ഇന്നും നമ്മൾ ഉപയോഗിക്കുന്നുണ്ട്. ആ വാക്കുകളെല്ലാം സ്വദേശാഭിമാനി വിദ്യാർത്ഥിയായിരിക്കുമ്പോൾ തമ്പുരാന്റെ അടുക്കൽ വന്നു ചോദിച്ച് നിർമ്മിച്ചവയാണ്. തമ്പുരാന്റെ കൈക്കുറ്റപ്പാടോടുകൂടിയാണ് അതെല്ലാം പ്രയോഗത്തിൽ വന്നത്. വിജ്ഞാനത്തിന്റെ ഏതാണ്ടെല്ലാ മേഖലകളിലും ഈ മഹാമനീഷി വ്യാപരിച്ചിട്ടുണ്ട്. രാജരാജവർമ്മയുടെ ഒരു കയ്യെഴുത്തു ഗ്രന്ഥം ഞാൻ കണ്ടിട്ടുണ്ട്. കൊടുങ്ങല്ലൂരിൽവച്ചാണ്. ഒരു ജ്യോതിഷ ഗ്രന്ഥം. അത് ഇന്നുവരേയും പ്രസിദ്ധീകരിച്ചിട്ടില്ല. സ്വന്തം കൈപ്പടയിൽ എഴുതിയ ആ ജ്യോതിഷഗ്രന്ഥം അഭിപ്രായത്തിനായി തമ്പുരാൻ കൂനേഴത്ത് പരമേശ്വരമേനോന് അയച്ചുകൊടുത്തതാണ്. മേനോനിൽ നിന്ന് ഗ്രന്ഥം തിരിച്ചുകിട്ടുന്നതിന് മുമ്പുതന്നെ തമ്പുരാൻ ഇഹലോകവാസം വെടിഞ്ഞു. അതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് അറിഞ്ഞുകൂടാ. ജ്യോതിഷത്തിലും അസാമാന്യമായ വൈദൂഷ്യമുണ്ടായിരുന്ന യുഗപുരുഷനായിരുന്നു ഏ.ആർ.രാജരാജവർമ്മ

*2013 ജൂൺ 18ന് ഏ.ആറിന്റെ 95–ാം ചരമ വാർഷികത്തിൽ നടത്തിയ പ്രഭാഷണം*